# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# കുളനട ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# ജില്ലാ ഓഡിറ്റ കാര്യാലയം
# പത്തനംതിട്ട-689645

## ഇ-മെയിൽ: dopta.ksad@kerala.gov.in
## ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/PTA/P11/1029/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 07/10/2024
ഇ-മെയിൽ:
dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുളനട ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കുളനട ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുളനട ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/PTA/P11/1029/2024 തീയ്യതി: 07/10/2024

## പത്തനംതിട്ട ജില്ലയിലെ കുളനട ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ കുളനട ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-08-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 24 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-09-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ്

ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അനിൽകുമാർ റ്റി. | ഡെപ്യൂട്ടി ഡയറക്ടർ | 23-09-2024 | 30-09-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 23-09-2024 | 30-09-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. പ്രദീപ്കുമാർ എൻ, ഓഡിറ്റ് ഓഫീസർ(ഹയർ ഗ്രേഡ്)
ശ്രീ. ഹരികുമാർ എം,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ദീപ എസ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സിന്ധുമോൾ വി.എൻ, ഓഡിറ്റർ

ശ്രീമതി നിഷ റ്റി.വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ചിത്തിര സി. ചന്ദ്രൻ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീ. ബിനുകുമാർ സി.വി. | സെക്രട്ടറി | 01-04-2023 | 03-07-2023 |
| ശ്രീ. സുരേന്ദ്രൻ എൻ. | സെക്രട്ടറി | 04-07-2023 | 31-07-2023 |
| ശ്രീമതി അംബിക സി. | സെക്രട്ടറി | 01-08-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷൈലജ കെ. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 03-08-2023 |
| ശ്രീമതി രമാദേവി ആർ. | അസിസ്റ്റന്റ് സെക്രട്ടറി (അധിക ചുമതല) | 04-08-2023 | 03-09-2023 |
| ശ്രീമതി ചാന്ദിനി പി. | അസിസ്റ്റന്റ് സെക്രട്ടറി | 04-09-2023 | 31-03-2024 |
| ശ്രീമതി ലത ജി. | ഹെഡ്മിസ്ട്രസ് | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| ശ്രീമതി അനുദേവ വി.എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ഡോ. ജയകുമാർ ആർ. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2023 | 04-08-2023 |
| ഡോ. മീര രവീന്ദ്രൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 05-08-2023 | 31-03-2024 |
| ഡോ. ജിനു ജി. തോമസ് | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2023 | 31-03-2024 |
| ഡോ. മാലതി ഡി. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2023 | 31-03-2024 |
| ഡോ. റോഷിൻ എം. റെജി | വെറ്റിനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീമതി ലിനി ജേക്കബ് | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി ചിത്ര എസ്.ബി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീ. വിനയകുമാർ വി. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, മാന്തുക സർക്കിൾ | 01-04-2023 | 16-02-2024 |
| ശ്രീ. സതീഷ് വി. പിള്ള | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, മാന്തുക സർക്കിൾ | 17-02-2024 | 31-03-2024 |

| | | | |
|---|---|---|---|
| ശ്രീ. സതീഷ് വി. പിള്ള | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പനങ്ങാട് സർക്കിൾ | 01-04-2023 | 31-03-2024 |
| ശ്രീ. സുരേഷ്കുമാർ ആർ. | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2023 | 31-03-2024 |
| ശ്രീമതി ആമിന സമദ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-1 |
| 3 | ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി രേഖപ്പെടുത്തുന്നില്ല | 1-1-2 |
| 4 | നിക്ഷേപ പ്രവൃത്തികൾ- നീക്കിയിരിപ്പ് തുക കൃത്യമല്ല | 1-1-3 |
| 5 | കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഹെഡിലേക്ക് മാറ്റിയ തുകകകൾ കൃത്യമല്ല | 1-1-4 |
| 6 | ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല | 1-1-5 |
| 7 | ആസ്തി സൃഷ്ടിച്ചത് റവന്യു ഹെഡിൽ ബുക്ക് ചെയ്തു | 1-1-6 |
| 8 | ചെലവുകൾ ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ബുക്ക് ചെയ്തില്ല | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം | 1-3 |
| 11 | ഗ്രാന്റ് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതിക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 1-6 |
| 14 | ക്ഷേമപദ്ധതികൾ | 1-7 |
| 15 | ക്യാഷ് പരിശോധന | 1-8 |

| | | |
|---|---|---|
| 16 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 17 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 18 | വസ്തു നികുതി പിരിവിലെ കാര്യക്ഷമത | 1-11 |
| 19 | തറവിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ നികുതി പരിഷ്കരിച്ചിട്ടില്ല | 1-12 |
| 20 | യോഗ നടപടികളുടെ മിനിട്ട്സ് തയ്യാറാക്കുന്നതിൽ ചട്ടപ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല | 1-13 |
| 21 | പഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമിയിലെ കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ മന്ദഗതിയിൽ | 1-14 |
| 22 | നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം; പദ്ധതികളുടെ പ്രയോജനം സമയബന്ധിതമായി ജനങ്ങൾക്ക് ലഭിക്കുന്നില്ല | 1-15 |
| 23 | പൊളിച്ച റോഡുകൾ പൂർവ്വസ്ഥിതിയിലാക്കിയില്ല - കരാർ നൽകിയ റോഡ് പ്രവൃത്തികൾ പൂർത്തീകരിക്കാനായില്ല | 1-16 |
| 24 | വിവിധ ഗ്രാന്റുകൾ ചെലവഴിക്കാതെ നീക്കിയിരിപ്പായി തുടരുന്നു | 1-17 |
| 25 | നിക്ഷേപ പ്രവൃത്തികൾ- തുക തിരികെ ലഭിക്കുവാൻ അവശേഷിക്കുന്നു | 1-18 |
| 26 | നിശ്ചിത സമയപരിധിയ്ക്കകം പൊതുമരാമത്ത് പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കിയില്ല | 1-19 |
| 27 | അഗതിരഹിതകേരളം പദ്ധതി നിർവ്വഹണം കാര്യക്ഷമമല്ല | 1-20 |
| 28 | കാർഷിക ഉപകരണങ്ങളുടെ ലേലനടപടികൾ പൂർത്തിയായില്ല | 1-21 |
| 29 | തെരുവുവിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമല്ല | 1-22 |

| | | |
|---|---|---|
| 30 | അങ്കണവാടികൾക്ക് അടിസ്ഥാനസൗകര്യം അപര്യാപ്തം | 1-23 |
| 31 | പി.എച്ച്.സിയിലേക്ക് മരുന്നുകളും ഉപകരണങ്ങളും ലഭിക്കുവാൻ അവശേഷിക്കുന്നു | 1-24 |
| 32 | ലൈഫ് ഭവനപദ്ധതി - ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചില്ല | 1-25 |
| 33 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി -നിർമ്മാണം പൂർത്തീകരിച്ചില്ല | 1-26 |
| 34 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്- ലാപ്ടോപ്പുകൾ പൂർണ്ണമായി ലഭിച്ചില്ല | 1-27 |
| 35 | പമ്പ്സെറ്റുകൾ പ്രവർത്തനക്ഷമമാക്കിയില്ല | 1-28 |
| 36 | മുറ്റത്തൊരു മീൻതോട്ടം-അപാകങ്ങൾ | 1-29 |
| 37 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ- മാലിന്യസംസ്കരണം ഹരിതകർമ്മസേനയിലൂടെ-അവലോകനം | 1-30 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്തപ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |

| | | |
|---|---|---|
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കുളനട ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31/03/2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 28/05/2024 തീയതിയിലെ 2(1)-ാം നം. തീരുമാനം പ്രകാരം അംഗീകരിച്ച് 31/05/2024-ൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാനവൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/ സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ

ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

## <u>വിശേഷണങ്ങളോടുകൂടിയ അഭിപ്രായം</u>

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കുളനട ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31/03/2024-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31/03/2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

പത്തനംതിട്ട
07/10/2024

## <u>1-1-1 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല</u>

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-)64,56,897 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-)38,90,607 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-1-2 ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി രേഖപ്പെടുത്തുന്നില്ല

വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ്, വാടക എന്നീ വരുമാനങ്ങൾ സംബന്ധിച്ച ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി രേഖപ്പെടുത്തിയിട്ടില്ല.

01-04-2023-ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/ നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2023-24-ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ് [2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ, ചട്ടം 17(2)]. പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതിത്തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. എന്നാൽ 2023-24 ലെ "110100101-Property Tax On Residential Building"എന്ന ശീർഷകത്തിലേയും "110100102-Property Tax On Non Residential Building" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2023-24 സാമ്പത്തിക വർഷത്തെ ഡിമാന്റ് എൻട്രികൾ 2023 നവംബർ, 2024 മാർച്ച് മാസങ്ങളിലായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. പുതുതായി അസ്സസ്സ് ചെയ്ത് ഒരു കെട്ടിടത്തിന്റെ നികുതിയും സമയബന്ധിതമായി അക്കൗണ്ട് ചെയ്യപ്പെട്ടിട്ടില്ല.

## 1-1-3 നിക്ഷേപ പ്രവൃത്തികൾ- നീക്കിയിരിപ്പ് തുക കൃത്യമല്ല

ഷെഡ്യൂൾ ബി-18: നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ച തുകയുടെ നീക്കിയിരിപ്പ് കൃത്യമല്ല. നിക്ഷേപിച്ചതും വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുള്ളതുമായ തുകകൾ സംബന്ധിച്ച ഡെപ്പോസിറ്റ് രജിസ്റ്ററിലെ വിവരങ്ങൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-1-4 കാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഹെഡിലേക്ക് മാറ്റിയ തുകകകൾ കൃത്യമല്ല

തൻ വർഷം ആർജ്ജിച്ച ആസ്തികൾ എല്ലാം തന്നെ കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല. ആയതിനാൽ ആസ്തികൾ സൃഷ്ടിക്കുന്നതിന് ചെലവായതിന്റെ തുല്യമായ തുക, Capital Contribution Head-ലേക്ക് മാറ്റിയിട്ടുള്ളത് കൃത്യമല്ല.

## 1-1-5 ആസ്തികളുടെ അക്കൗണ്ടിംഗ് കൃത്യമല്ല

ഗ്രാമപഞ്ചായത്തിന്റ എല്ലാ ആസ്തികളും കൃത്യമായി അക്കൗണ്ട് ചെയ്തിട്ടില്ല.

## 1-1-6 ആസ്തി സൃഷ്ടിച്ചത് റവന്യു ഹെഡിൽ ബുക്ക് ചെയ്തു

ഷെഡ്യൂൾ B-18: Deposit With KWA- മുൻവർഷങ്ങളിൽ ആസ്തി സൃഷ്ടിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് ₹22,42,963 ആസ്തി ഹെഡിൽ അക്കൗണ്ട് ചെയ്യുന്നതിന് പകരം Repairs & Maintenance- Drinking Water Pipe Lines (230500503) എന്ന റവന്യു ഹെഡിൽ ജേണലൈസ് ചെയ്തു.

## 1-1-7 ചെലവുകൾ ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ബുക്ക് ചെയ്തില്ല

ചുവടെ വിവരിക്കുന്ന ഇനങ്ങൾക്കായി ചെലവഴിച്ച തുകകൾ, ചെലവ് ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ബുക്ക് ചെയ്തില്ല. ഇതുമൂലം ആസ്തി ഹെഡിൽ ഉൾപ്പെടേണ്ട പല ഇനങ്ങളും റവന്യു ഹെഡിൽ തെറ്റായി ഉൾപ്പെട്ടു.

| ക്രമ നം. | ചെലവിന്റെ വിവരം | തുക (രൂ.) | ചെലവ് ബുക്ക് ചെയ്ത ശീർഷകം |
|---|---|---|---|
| 1 | കൃഷി ഭവന്റെ കണ്ടിൻജൻസി ചെലവുകൾ (പ്രോജക്ട് നം. 170/24) -റവന്യു ചെലവ് | 33,489 | 413100001-Agri. Development Infrasructure Facilities- Building-Krishi Bhavan (ആസ്തി) |
| 2 | ഷെഡ്യൂൾ B-11(D): ലാപ്ടോപ്പ് വാങ്ങിയത് - Furniture(Health) | 2,99,978 | 414110010-Medical Equipments For Health Institutions |
| 3 | ഷെഡ്യൂൾ B-11(E): KSEB -യിൽ നിക്ഷേപ പ്രവൃത്തിക്ക് മുൻകൂർ നൽകിയത് (പ്രോജക്ട് നം. 228/24)- Advnce To Implementing Agencies -460500202 | 4,19,844 | 415100002-New Line For Street Lights. |
| 4 | ഷെഡ്യൂൾ B-11(E): തെരുവ് വിളക്കുകൾ വാങ്ങിയതും അതുമായി ബന്ധപ്പെട്ട് നൽകിയ വേതനവും (പ്രോജക്ട് നം. 27/24) | 4,68,360 | 415100003-Street Lights-ആസ്തി |
| 5 | ഷെഡ്യൂൾ B-18: Deposit With KSEB-തൻവർഷം നിക്ഷേപ പ്രവൃത്തികൾക്ക് മുൻകൂർ നൽകിയ തുക (പ്രോജക്ട് നം. 228/24, 250/24)- Advnce To Implementing Agencies -460500202 | 4,19,844<br>48,674 | 415100002-Streetlights-New Line For Street Lights & 25210004- Street Lights |

## <u>1-2 ബജറ്റ്</u>

2023-24 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 18-03-2023 തീയതിയിലെ 1 ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. 5536407 രൂപ മുന്നിരിപ്പും 255493227 രൂപ പ്രതീക്ഷിത വരവും 255976437 രൂപ പ്രതീക്ഷിത ചെലവും 5053197 രൂപ പ്രതീക്ഷിത നീക്കിയിരിപ്പും ഉള്ള ബജറ്റാണ് അംഗീകരിച്ചിട്ടുള്ളത്. പുതുക്കിയ ബജറ്റ് 05.02.2024 തീയതിയിലെ 1(1) തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-3 സാമ്പത്തിക വിശകലനം

| | റസീപ്റ്റ് & പേയ്മെന്റ് പ്രകാരം | ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 2,48,39,918 | -- |
| ഓഡിറ്റ് വർഷത്തെ വരവ് | 5,07,77,557 | 14,74,25,240 |
| ആകെ വരവ് | 7,56,17,475 | |
| ഓഡിറ്റ് വർഷത്തെ ചെലവ് | 5,72,34,454 | 15,76,60,627 |
| നീക്കിയിരിപ്പ് | 1,83,83,021 | -- |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത്) | ആകെ | ചെലവ് | നീക്കിയിരിപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | ഇല്ല | 15125000 | 15125000 | 14350967 | -- | 774033 |
| വികസന ഫണ്ട്-എസ്.സി.പി | ,, | 10759000 | 10759000 | 9973792 | -- | 785208 |
| വികസന ഫണ്ട്-റ്റി.എസ്.പി | ,, | Xx | Xx | Xx | Xx | Xx |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 3989510 | 2394688 | 6384198 | 2215123 | 4169075 | Xx |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | 1657026 | 2504400 | 4310411 | 2288016 | 2022395 | Xx |
| | പലിശ | 148985 | | | | |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | ഇല്ല | 23235150 | 23235150 | 1665400 | Xx | 21569750 |
| മെയിന്റനൻസ് ഗ്രാന്റ്- നോൺ-റോഡ് | ,, | 5418000 | 5418000 | 4949432 | Xx | 468568 |
| **സംസ്ഥാനാവിഷ്കൃത/കേന്ദ്രാവിഷ്കൃത ഫണ്ട് ഫണ്ട്** | | | | | | |
| ലൈഫ് -സംസ്ഥാനം വിഹിതം | 6860000 | 5500000 | 12360000 | 12325000 | 35000 | |
| ശുചിത്വ മിഷൻ | 2358109 | 871752 | 3229861 | 1284257 | 1945604 | |
| ഐ.സി.ഡി.എസ്. | 937789 | 1505141 | 2442930 | 1000000 | 1442930 | |
| സാക്ഷരത | -- | 3756 | 3756 | 3756 | -- | |
| ഹെൽത്ത് ഗ്രാന്റ് | 3733 | 1255786 | 1259519 | 1242000 | 17519 | |
| ലൈബ്രറി ഗ്രാന്റ് | -- | 15380 | 15380 | 15380 | -- | |
| ശബരിമല ഗ്രാന്റ് | 529302 | -- | 529302 | 529302 | -- | |
| ആയുഷ് ഗ്രാന്റ് | 739657 | -- | 739657 | -- | 739657 | |

2023-24 സാമ്പത്തിക വർഷം ജനറൽ പർപ്പസ് ഗ്രാന്റ് 9 ഗഡുക്കളായി 1,08,72,900 രൂപ ലഭിച്ചിട്ടുണ്ട്.

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ വിഭാഗങ്ങളിൽനിന്നും സ്രോതസ്സിൽ കുറവ് ചെയ്ത തുക വരവിൽ(അലോട്ട്മെന്റ്) ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | വരവ് തുക |
|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 7,07,196 |
| ,, | അങ്കണവാടി അധിക വേതനം | 13,14,000 |
| വികസന ഫണ്ട്-എസ്.സി.പി | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 24,65,907 |

## 1-5 പദ്ധതി അവലോകനം

(1) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 226 | 155779995 | 115 | 71658296 | 111 | 46% |

(2) വിവിധ മേഖലകൾക്കായി വകയിരുത്തിയ തുകയും അവയുടെ ചെലവും

| മേഖല | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവിന്റെ ശതമാനം |
|---|---|---|---|
| ഉൽപ്പാദനം | 13299977 | 5630732 | 42.34 |
| സേവനം | 98975675 | 61162576 | 61.8 |
| പശ്ചാത്തലം | 43504343 | 4864988 | 11 |
| ആകെ | 155779995 | 71658296 | 46 |

(3) നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരം

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്ക്കരിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 2 | 2 | 1025000 | 1025000 |
| 2 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 9 | 9 | 4427000 | 4393324 |
| 3 | മെഡിക്കൽ ഓഫീസർ, ഹോമിയോ | 4 | 4 | 310000 | 310000 |
| 4 | കൃഷി ഓഫീസർ | 8 | 8 | 4886577 | 2947514 |
| 5 | സെക്രട്ടറി | 39 | 30 | 12456992 | 10261412 |
| 6 | വെറ്ററിനറി സർജൻ | 9 | 7 | 5482600 | 1513461 |
| 7 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I | 17 | 10 | 62430232 | 36665710 |
| 8 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ II | 2 | 0 | 313000 | 0 |
| 9 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 7 | 6 | 5637049 | 3523785 |
| 10 | ഡയറിഫാം ഇൻസ്ട്രക്ടർ | 4 | 4 | 2380800 | 1179822 |

| | | | | | |
|---|---|---|---|---|---|
| 11 | അസിസ്റ്റന്റ് സെക്രട്ടറി | 6 | 6 | 3007198 | 2316675 |
| 12 | ഹെഡ്മാസ്റ്റർ | 6 | 6 | 848500 | 837736 |
| 13 | അസിസ്റ്റന്റ് എഞ്ചിനീയർ | 111 | 21 | 52495047 | 6644857 |
| 14 | ഫിഷറീസ് ഓഫീസർ | 2 | 2 | 80000 | 390000 |
| | **ആകെ** | 226 | 115 | 155779995 | 71658296 |

## 1-6 തൊഴിലുറപ്പ് പദ്ധതിക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വേതനം | | 24074750 | 24074750 | 24074750 | |
| ഭരണച്ചെലവുകൾ | 1020.68 | 2194609 | 2195629.68 | 2195613 | 16.68 |

## 1-7 ക്ഷേമപദ്ധതികൾ

| പെൻഷൻ ഇനം | ചെലവ് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 40,93,200 | 342 |
| മാനസിക-ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 29,87,500 | 256 |

| | | |
|---|---|---|
| വിധവാ പെൻഷൻ | 90,31,700 | 784 |
| വാർദ്ധക്യകാല പെൻഷൻ | 2,26,23,900 | 2048 |
| അവിവാഹിതരായ 50 വയസ്സിന്മേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 4,25,600 | 30 |

## 1-8 ക്യാഷ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.09.2024 തീയതിയിൽ 11:20 AM-ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരുപ്പ് തുകയായ 37781/- (മുപ്പത്തി ഏഴായിരത്തി എഴുനൂറ്റി എൺപത്തി ഒന്നു രൂപ മാത്രം) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ഓഫീസ് കെട്ടിടം നിലനിൽക്കുന്ന സ്ഥലത്തിന് പരിമിതമായ വിസ്തൃതി മാത്രമാണുള്ളത്. ഇക്കാരണത്താൽ ഓഫീസിന്റെ സ്ഥലസൗകര്യം വർദ്ധിപ്പിക്കുന്നതിന് കഴിയുന്നില്ല. ഓഫീസ് ഉത്തരവ് പ്രകാരം ജോലിവിഭജനം നടത്തി വരുന്നുണ്ട്.

വസ്തുനികുതി, തൊഴിൽ നികുതി എന്നിവ കാര്യക്ഷമമായി പിരിച്ചെടുത്തിട്ടുണ്ട്. വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ്, വാടക എന്നീ വരുമാനങ്ങൾ സംബന്ധിച്ച ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി രേഖപ്പെടുത്തിയിട്ടില്ല. 2023-24 സാമ്പത്തിക വർഷത്തെ ഡിമാന്റ് എൻട്രികൾ 2023 നവംബർ, 2024 മാർച്ച് മാസങ്ങളിലായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ നിർവ്വഹണ ഏജൻസികൾക്ക് കൈമാറിയ തുകയിൽ, വർഷാവസാനം ക്രമീകരിക്കാൻ അവശേഷിക്കുന്ന പ്രവൃത്തികളുടെ വിവരം കൃത്യമായി

അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. പൊതുടാപ്പുകൾ പൂർണ്ണമായും നിർത്തലാക്കുന്നതിനുള്ള നടപടി പൂർത്തീകരിച്ചില്ല.

പഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തുവകകളിലെ കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടില്ല. ഈ വിഷയത്തിൽ പഞ്ചായത്ത് രൂപീകരിച്ചിട്ടുള്ള സബ്കമ്മിറ്റി നിർജീവമാണ്. ഹരിതകർമ്മസേന ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ സൂക്ഷിക്കുന്നതിന് നിലവിലുള്ള എം.സി.എഫിൽ സ്ഥലസൗകര്യം ഇല്ല. പുതിയ എം.സി.എഫ് കെട്ടിടം പണിയുന്നതിന് ആലോചിക്കുന്നെങ്കിലും സ്ഥലം കണ്ടെത്താനായില്ല.

മരണപ്പെട്ട ക്ഷേമപെൻഷൻ ഗുണഭോക്താക്കളെ പെൻഷൻ ഡാറ്റാബേസിൽ നിന്ന് ഒഴിവാക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ട്. വിവിധ വർഷങ്ങളിലായി ഗ്രാന്റായും പ്രത്യേക പദ്ധതികൾ നടപ്പാക്കുന്നതിനും ലഭിച്ചിട്ടുള്ള തുകകൾ ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടുകളിലും ട്രഷറിയിലും അവശേഷിക്കുന്നുണ്ട്. ശുചിത്വം, മാലിന്യ സംസ്കരണം, പൊതുജനാരോഗ്യം, പോഷകാഹാര വിതരണം, അടിസ്ഥാന സൗകര്യ വികസനം തുടങ്ങി, പഞ്ചായത്തിലെ ഒഴിവാക്കാനാവാത്ത വിവിധ വികസന പ്രവർത്തനങ്ങൾക്കായി മുൻ വർഷങ്ങളിൽ ഉൾപ്പെടെ ലഭിച്ച ഫണ്ടുകളാണ് ഇപ്രകാരം പൊതുജനത്തിന് പ്രയോജനപ്പെടാതെ നിഷ്ക്രിയാവസ്ഥയിലുള്ളത്.

സകർമ്മ മുഖേന പഞ്ചായത്ത് കമ്മിറ്റിയുടെ മിനിട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിൽ കാലതാമസം വന്നിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾ ചേരുന്നുണ്ടെങ്കിലും ക്രിയാത്മകമായ തീരുമാനങ്ങൾ എടുത്തതായി രേഖപ്പെടുത്തൽ ഇല്ല. നികുതി, നികുതിയേതര വരുമാനം ആയി ബാങ്കിൽ നേരിട്ട് ലഭിക്കുന്ന തുകകളുടെ വിവരം ഫ്രണ്ട് ഓഫീസിൽ നിന്ന് അതാത് സെക്ഷൻ ക്ലാർക്കുമാർക്ക് നൽകുന്നുണ്ട്. പെർമിറ്റ് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. സേവനാവകാശ രജിസ്റ്റർ 27.10.2012 ലെ ജി.ഓ(പി)56/2012 പി&എ.ആർ.ഡി ഉത്തരവിന് അനുസൃതമായി പൂർണ്ണമായ വിവരം സഹിതം സൂക്ഷിച്ചിട്ടില്ല. കെട്ടിട നമ്പറിംഗ് ഫയലും പെർമിറ്റ് ഫയലും ക്ലബ്ബ് ചെയ്ത് സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ ഡിജിറ്റലൈസ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. തെരുവുവിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്ററിൽ വിതരണ വിവരം കൃത്യമായി രേഖപ്പെടുത്തുന്നില്ല. റിപ്പയർ ചെയ്ത ഇലക്ട്രിക് പോസ്റ്റുകളുടെ നമ്പറും കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.

അധികൃതർ ശ്രദ്ധിക്കേണ്ട വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

(1) ആസ്തി രജിസ്റ്ററിലെ ന്യൂനതകൾ പരിഹരിച്ച് കാലികമാക്കേണ്ടതാണ്.

(2) ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ ആവശേഷിക്കുന്ന എല്ലാ ഖണ്ഡികകളും തീർപ്പാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

(3) ജീവനക്കാർ സ്ഥലം മാറി പോകുമ്പോൾ ചുമതല യഥാവിധി കൈമാറുകയും, ചാർജ്ജ് ഹാൻഡ് ഓവർ രജിസ്റ്റർ സൂക്ഷിക്കുകയും ചെയ്യുന്നുണ്ടെന്ന് ഉത്തരവാദപ്പെട്ടവർ ഉറപ്പുവരുത്തേണ്ടതാണ്.

(4)തെരുവ് വിളക്കുകൾക്കാവശ്യമായ ഇലക്ട്രിക് സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യതയോടെ സൂക്ഷിക്കേണ്ടതാണ്. ഇലക്ട്രിക്കൽ സാധനങ്ങൾക്ക് സ്റ്റോക്ക്-ഇൻ-രജിസ്റ്ററും (അൺസർവ്വീസബിൾ മെറ്റീരിയൽസിന്), സ്റ്റോക്ക് ഔട്ട് രജിസ്റ്ററും സൂക്ഷിക്കേണ്ടതും, ഇവ തമ്മിൽ പൊരുത്തപ്പെടുത്തേണ്ടതുമാണ്.

(5) സ്റ്റോക്ക് രജിസ്റ്ററിൽ എല്ലാ വാങ്ങലുകളും, വിതരണവും കൃത്യമായി രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

(6) ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ എന്നിവയിൽ ആവശ്യമായ എല്ലാ രേഖപ്പെടുത്തലുകളും വരുത്തി കാലികവും ആധികാരികവുമാക്കേണ്ടതാണ്.

(7)സ്യൂട്ട് രജിസ്റ്ററിൽ ആവശ്യമായ എല്ലാ വിവരങ്ങളും (പരാതികക്ഷികൾ, എതിർ കക്ഷികൾ, കേസിന്റെ സംക്ഷിപ്തം, ഹാജരാകുന്ന വക്കീൽ, കേസിന്റെ പുരോഗതി/നിലവിലെ അവസ്ഥ) ചേർത്ത് കൃത്യമാക്കി സൂക്ഷിക്കേണ്ടതാണ്.

(8)ഗ്രാമസഭ, സ്റ്റാന്റിംഗ് കമ്മിറ്റികൾ, പഞ്ചായത്ത് കമ്മിറ്റി തുടങ്ങിയവയുടെ മിനിട്ട്സ് യഥാസമയം ക്ലോസ് ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

(9) വിവിധ വരവിനങ്ങളുടെ ഡിമാന്റുകൾ യഥാസമയം സാംഖ്യയിൽ അക്കൗണ്ട് ചെയ്യേണ്ടതാണ്.

(10) പഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമി അളന്ന് തിട്ടപ്പെടുത്തി പേരിൽക്കൂട്ടുന്നതിനും കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുമുള്ള നടപടികൾ പൂർണ്ണമാക്കേണ്ടതാണ്. ഇതിന് മോണിട്ടറിംഗ് ഉണ്ടാകേണ്ടതാണ്.

(11) അഡ്വാൻസ് രജിസ്റ്ററിൽ പൂർണ്ണമായ വിവരം ചേർത്ത് കൃത്യമാക്കേണ്ടതാണ്.

## <u>1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം</u>

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06/08/2011 മുതൽ 12/08/2011 വരെ | 2008-09മുതൽ 2010-11 വരെ | 12/01/2012 |
| പെർഫോമൻസ് ഓഡിറ്റ് | 24/06/2022മുതൽ 25/06/2022 വരെ | 1/2022 മുതൽ 3/2022 വരെ | 08/07/2022 |

## 1-11 വസ്തു നികുതി പിരിവിലെ കാര്യക്ഷമത

2023-24 സാമ്പത്തിക വർഷത്തെ വസ്തുനികുതി പിരിവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | പിരിവ് ശതമാനം |
|---|---|---|---|---|
| **തൻവർഷം** | | | | |
| ഗാർഹികം | 33,93,860 | 33,55,880 | 37,980 | 98.88 |
| ഗാർഹികേതരം | 24,42,884 | 24,14,218 | 28,666 | 98.83 |
| **കുടിശ്ശിക** | | | | |
| ഗാർഹികം | 12,879 | 8,923 | 3,946 | 69.28 |
| ഗാർഹികേതരം | 70,355 | 2,578 | 67,777 | 3.66 |

തൻവർഷത്തെ വസ്തു നികുതി പിരിവിൽ കാര്യക്ഷമത കൈവരിക്കാൻ സ്ഥാപനത്തിന് സാധിച്ചിട്ടുണ്ട്. എന്നിരുന്നാലും കുടിശ്ശികയിനത്തിൽ 71,723 രൂപ പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നുണ്ട്. കുടിശ്ശിക വരുത്തിയ 17 കെട്ടിട ഉടമകളിൽ നിന്നും വസ്തുനികുതി ഈടാക്കുവാൻ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചതിൽ ഒരാൾ തുക ഒടുക്കുകയും ചെയ്തിട്ടുണ്ട്.

നികുതി പൂർണ്ണമായും പിരിച്ചെടുക്കുന്നതിനുള്ള ശ്രമങ്ങൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ട് എന്നത് ശ്രദ്ധേയമാണ്.

## 1-12 തറവിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ നികുതി പരിഷ്കരിച്ചിട്ടില്ല

ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടശേഷം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ മാറ്റം വരുത്തിയിട്ടുള്ള കെട്ടിടങ്ങളുടെ വിവരം ഫീൽഡ് പരിശോധന നടത്തി സഞ്ചയ സോഫ്റ്റ്‌വെയറിൽ ചേർക്കേണ്ടതും, പ്രസ്തുത വിവരങ്ങളുടെ അടിസ്ഥാനത്തിൽ, മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി നിർണ്ണയിക്കേണ്ടതുമാണെന്ന് സ.ഉ.(കൈ) 77/2023/തസ്വഭവ തീയതി 22-03-2023 പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ, ഐ.ടി.ഐ. യോഗ്യതയുള്ളവരെ നിയോഗിക്കാവുന്നതും ഒരു കെട്ടിട നമ്പരിന് പരമാവധി 30 രൂപ ഗ്രാമപഞ്ചായത്തുകൾക്ക് തനത് ഫണ്ടിൽ നിന്ന് വിനിയോഗിക്കാവുന്നതുമാണ്. 06-06-2024-ലെ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 3.12-ാം തീരുമാന പ്രകാരം, വസ്തു നികുതി പരിഷ്ക്കരണത്തിന് ഫീൽഡ് തല പരിശോധനയ്ക്കായി വേതനം പുതുക്കി നല്കുന്നതിന് തീരുമാനമായിട്ടുള്ളതുമാണ്.

സ.ഉ.(കൈ) നം.77/2023/LSGD തീയതി 22.03.2023 പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ 01.04.2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ (ക്രമ നം.10), കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ് വെയറിൽ ചേർക്കേണ്ടതാണെന്നും ഇതിനാവശ്യമായ പരിശോധനകൾ 30.06.2023-നു മുൻപായി പൂർത്തിയാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം, മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ വിവര ശേഖരണം പൂർത്തിയാക്കി വസ്തു നികുതി സഞ്ചയയിൽ പരിഷ്കരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം അറിയിക്കുന്നതിന് ഓഡിറ്റ് എൻക്വയറി (നം-14/27.09.2024) നല്കിയിരുന്നു. എൻക്വയറിക്ക് മറുപടിയായി, മാറ്റം വരുത്തിയ കെട്ടിടങ്ങളുടെ വിവരശേഖരണം പൂർത്തിയാക്കിയിട്ടില്ലെന്നും, സഞ്ചയയിൽ നികുതി പരിഷ്കരിച്ചിട്ടില്ലെന്നും, 1,2,3 വാർഡുകളിലെ വിവരശേഖരണം പൂർത്തീകരിച്ചിട്ടുണ്ടെന്നും വാർഡ് 4-ലെ വിവരശേഖരണം നടന്നുവരുന്നെന്നും അറിയിച്ചു. കൂടാതെ നികുതി പുനർ

നിർണ്ണയിക്കുന്നതിനുള്ള അപ്ഡേഷൻ നാളിതുവരെ സഞ്ചയ സോഫ്റ്റ്‌വെയറിൽ ലഭ്യമാക്കിയിട്ടില്ലെന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിലുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 1-13 യോഗ നടപടികളുടെ മിനിട്ട്സ് തയ്യാറാക്കുന്നതിൽ ചട്ടപ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല

1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26(8) പ്രകാരം, യോഗം കഴിഞ്ഞ് മൂന്ന് ദിവസത്തിനകം സെക്രട്ടറി മിനിട്ട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ സകർമ്മ ആപ്ലിക്കേഷൻ മുഖേനയുള്ള ഭരണസമിതിയോഗങ്ങളുടെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ, മിനിട്ട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിൽ കാലതാമസം വന്നിട്ടുള്ളതായി കണ്ടു. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | യോഗ നം | യോഗ തീയതി | സെക്രട്ടറി അംഗീകാരത്തിനായി അയച്ച തീയതി | അദ്ധ്യക്ഷൻ അപ്രൂവ് ചെയ്ത തീയതി |
|---|---|---|---|---|
| 1 | 13 | 11.04.2023 | 29.04.2023 | 04.05.2023 |
| 2 | 14 | 25.04.2023 | 16.06.2023 | 16.06.2023 |
| 3 | 17 | 06.05.2023 | 16.06.2023 | 16.06.2023 |
| 4 | 16 | 09.05.2023 | 05.07.2023 | 16.06.2023 |
| 5 | 19 | 26.05.2023 | 21.07.2023 | 21.07.2023 |
| 6 | 20 | 03.06.2023 | 16.06.2023 | 16.06.2023 |
| 7 | 22 | 24.06.2023 | 01.08.2023 | 01.08.2023 |
| 8 | 24 | 07.07.2023 | 24.07.2023 | 24.07.2023 |
| 9 | 25 | 10.07.2023 | 05.10.2023 | 05.10.2023 |
| 10 | 26 | 26.07.2023 | 06.10.2023 | 06.10.2023 |
| 11 | 27 | 10.08.2023 | 09.10.2023 | 09.10.2023 |

| | | | | |
|---|---|---|---|---|
| 12 | 28 | 22.08.2023 | 05.09.2023 | 05.09.2023 |
| 13 | 29 | 12.9.2023 | 16.11.2023 | 16.11.2023 |
| 14 | 30 | 16.9.2023 | 06.10.2023 | 06.10.2023 |
| 15 | 31 | 26.9.2023 | 16.11.2023 | 16.11.2023 |
| 16 | 32 | 20.10.2023 | 19.12.2023 | 19.12.2023s |
| 17 | 34 | 08.11.2023 | 06.01.2024 | 06.01.2024 |
| 18 | 33 | 02.11.2023 | 20.11.2023 | 20.11.2023 |
| 19 | 35 | 30.11.2023 | 09.02.2024 | 09.02.2024 |
| 20 | 37 | 14.12.2023 | 06.01.2024 | 06.01.2024 |
| 21 | 38 | 30.12.2023 | 02.04.2024 | 02.04.2024 |
| 22 | 1 | 11.01.2024 | 22.03.2024 | 22.03.2024 |
| 23 | 2 | 18.01.2024 | 17.02.2024 | 17.02.2024 |
| 24 | 3 | 25.01.2024 | 17.02.2024 | 17.02.2024 |
| 25 | 5 | 27.01.2024 | 16.2.2024 | 16.2.2024 |
| 26 | 9 | 23.02.2024 | 10.05.2024 | 10.05.2024 |
| 27 | 10 | 02.03.2024 | 17.05.2024 | 17.05.2024 |
| 28 | 11 | 04.03.2024 | 10.05.2024 | 10.05.2024 |
| 29 | 12 | 15.03.2024 | 06.06.2024 | 06.06.2024 |

അപാകതയ്ക്ക് വിശദീകരണം ആരാഞ്ഞ് ഓഡിറ്റ് എൻകചയറി (നം.22/30.09.24) നൽകിയിരുന്നു. പദ്ധതി സംബന്ധമായ രേഖകൾ അപ് ലോഡ് ചെയ്യുന്നതിലെ കാലതാമസം കൊണ്ടും സൈറ്റിന്റെ തകരാറ് കൊണ്ടുമാണ് മിനിട്ട്സ് പ്രസിഡന്റിന് അയയ്ക്കുന്നതിൽ കാലതാമസം നേരിട്ടതെന്നും, മിനിട്ട്സ് സമയപരിധിക്കുള്ളിൽ ക്ലോസ്സ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും സെക്രട്ടറി മറുപടി നൽകി. വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-14 പഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമിയിലെ കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ മന്ദഗതിയിൽ

പഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തുവകകളിലെ കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുന്നില്ല. ഈ വിഷയത്തിൽ പഞ്ചായത്ത് രൂപീകരിച്ച സബ്കമ്മിറ്റി നിർജീവമായി. വിശദാംശം ചുവടെ ചേർക്കുന്നു.

1. കുളനട വില്ലേജിൽ ബ്ലോക്ക് നമ്പർ 6ൽ സർവ്വേ 228/3ൽപ്പെട്ടതും ഒന്നാം വാർഡിൽ ഉൾപ്പെട്ടതുമായ 4.1 ആർ സർക്കാർ പുറമ്പോക്ക് സ്ഥലത്തിന്റെ കൈയ്യേറ്റം സംബന്ധിച്ച പരാതി ലഭിച്ചതിനെത്തുടർന്ന് റവന്യൂ വകുപ്പ് മുഖേന കൈയ്യേറ്റം അളന്ന് തിട്ടപ്പെടുത്തി അതിർത്തി നിർണ്ണയിച്ചിരുന്നു. എന്നാൽ കൈയ്യേറ്റക്കാരുടെ പേരും വിലാസവും കൈയ്യേറിയ ഭൂമിയുടെ അളവും സംബന്ധിച്ച് വിശദാംശം റവന്യൂ വകുപ്പിൽ നിന്ന് ലഭ്യമാകാഞ്ഞതിനാൽ കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് ഇതുവരെ കഴിഞ്ഞിട്ടില്ല.

2. വാർഡ് 11ലെ പോളച്ചിറ ഏലായിൽ കൈയ്യേറ്റം ഉണ്ടെന്നും, ഇതുൾപ്പെടെയുള്ള കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് സബ്കമ്മിറ്റി യോഗം കൂടുന്നതിനും യോഗത്തിൽ കയ്യേറ്റക്കാരെ നേരിൽ കേൾക്കുന്നതിനും 21.10.2022 ൽ 5(1) നമ്പരായി പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിരുന്നു. എന്നാൽ പോളച്ചിറ ഏലായിലെ വസ്തു അളന്ന് തിട്ടപ്പെടുത്തുന്നതിന് തഹസീൽദാർക്ക് കത്ത് നൽകിയെങ്കിലും ആയതിന്മേൽ ഇതുവരെ തുടർനടപടിയുണ്ടാകാഞ്ഞതിനാൽ കൈയ്യേറ്റം ഒഴിപ്പിക്കാനായില്ല.

3. ബ്ലോക്ക് നമ്പർ 6ൽ സർവ്വേ നമ്പർ 396ൽപ്പെട്ടതും ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ളതുമായ മത്സ്യ മാർക്കറ്റിന്റെ സ്ഥലവിസ്തൃതി 10.75 ആർ എന്ന് അളന്ന് തിട്ടപ്പെടുത്തിയതിനെത്തുടർന്ന്, മത്സ്യ മാർക്കറ്റിലെ 1.83 ആർ സ്ഥലം 7 സ്വകാര്യ വ്യക്തികൾ കൈയ്യേറിയതായി 15.3.2023 ൽ വില്ലേജ് ഓഫീസറിൽ നിന്ന് റിപ്പോർട്ട് നൽകി. കൈയ്യേറ്റം ഒഴിയണമെന്ന് ആവശ്യപ്പെട്ട് 11.4.2023 ൽ ടി വ്യക്തികൾക്ക് നോട്ടീസ് നൽകി. എന്നാൽ നാളിതുവരെ കൈയ്യേറ്റം ഒഴിപ്പിക്കാനായില്ല.

4. പി.എച്ച്.സി സ്ഥിതി ചെയ്യുന്ന 8 സെന്റ് ഭൂമിയുടെ അതിർത്തി നിർണ്ണയിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റിയുടെ 21.10.2022 ലെ 5(1) നമ്പർ തീരുമാനപ്രകാരം തഹസിൽദാർക്ക് കത്ത് നൽകിയിരുന്നു. എന്നാൽ ഇതുവരെ വസ്തു അളന്ന് തിട്ടപ്പെടുത്തിയിട്ടില്ല.

5. പന്തല വെൺമണി റോഡിൽ കൊറ്റിനാട്ടേത്ത്പടി ഫെയ്ത്ത് ഫോം ജംഗ്ഷനിൽ നിന്നും വടക്കോട്ടുള്ള പഞ്ചായത്ത് വഴി സ്വകാര്യ വ്യക്തികൾ കൈയ്യേറിയതായി പരാതി ലഭിച്ചിരുന്നു.

കൈയ്യേറിയ ഭാഗം 2.64 ആർ സ്ഥലം ആണെന്ന് താലൂക്ക് സർവ്വേയർ അളന്ന് തിട്ടപ്പെടുത്തുകയുണ്ടായി. ഈ വിഷയം 25.2.2022 ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്തിരുന്നതും കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് 9(1) നമ്പർ ആയി തീരുമാനിച്ചിരുന്നതുമാണ്. അതനുസരിച്ച് 02.09.2022 ൽ ടി വ്യക്തികൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ കൈയ്യേറ്റം ഒഴിപ്പിക്കാനായില്ല.

മേൽസൂചിപ്പിച്ച കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് ഇത് സംബന്ധിച്ച സബ്കമ്മിറ്റി സത്വര നടപടികൾ സ്വീകരിച്ചിട്ടില്ല. ഈ വിഷയത്തിൽ 28.9.2024 ൽ 20-ാം നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ആയതിന് മറുപടിയായി, മത്സ്യ മാർക്കറ്റ് അളന്ന് തിട്ടപ്പെടുത്തിയതായും, എന്നാൽ അതിനെത്തുടർന്ന് സ്വകാര്യ വ്യക്തി നൽകിയ പരാതിയിന്മേൽ ബഹു: കേരള ഹൈക്കോടതിയിൽ കേസ് നിലവിലുണ്ടെന്നും അറിയിച്ചു. കൊറ്റിനാട്ടേത്ത് പടി ഫെയ്ത്ത് ഫോം ജംഗ്ഷൻ റോഡ് കൈയ്യേറ്റം സംബന്ധിച്ച് മുൻസിഫ് കോടതിയിൽ കേസ് നിലവിലുള്ളതായും മറുപടിയിൽ സൂചിപ്പിച്ചു.

<u>ഓഡിറ്റ് നിർദ്ദേശം</u>

പഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമിയിലെ കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് കാര്യക്ഷമമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ പഞ്ചായത്ത് രൂപീകരിച്ചിട്ടുള്ള സബ്കമ്മിറ്റിയുടെ പ്രവർത്തനം ഊർജ്ജിതമാക്കേണ്ടതാണ്.

## 1-15 നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം; പദ്ധതികളുടെ പ്രയോജനം സമയബന്ധിതമായി ജനങ്ങൾക്ക് ലഭിക്കുന്നില്ല

കേരള വാട്ടർ അതോറിറ്റി, കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് എന്നീ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപ പ്രവൃത്തികൾക്കായി തുക ഒടുക്കുന്നുണ്ടെങ്കിലും സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം നൽകുന്നതിൽ സ്ഥാപനങ്ങൾ വീഴ്ചവരുത്തുന്നുണ്ട്. 2019-20 മുതൽ 2023-24 വരെ നിക്ഷേപ പ്രവൃത്തികൾക്കായി തുക ഒടുക്കിയതിൽ ചുവടെ ചേർക്കുന്ന പ്രവൃത്തികൾ പൂർത്തിയാക്കുകയോ വിനിയോഗ സാക്ഷ്യപത്രം തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന് കൈമാറുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | പദ്ധതിയുടെ പേര് (പ്രോജക്ട് നം.) | വർഷം | ഏജൻസി | തുക (□) |
|---|---|---|---|---|
| 1 | കുടിവെള്ള പൈപ്പ് ലൈൻ വാർഡ് 7 (S0225/20) | 2019-20 | KWA | 1,55,000 |
| 2 | കുടിവെള്ള പൈപ്പ് ലൈൻ വാർഡ് 7 (S0247/21) | 2020-21 | ,, | 17,000 |
| 3 | ജല ജീവൻ മീഷൻ (S0279/21) | 2020-21 | ,, | 5,56,040 |
| 4 | ജല ജീവൻ മിഷൻ (S0110/22) | 2021-22 | KWA | 1,18,137 |
| 5 | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (S0087/23) | ,, | KSEB | 107738 |
| 6 | തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ (S0251/24) | 2023-24 | KSEB | 1,12,572 |
| 7 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (S0228/24) | ,, | ,, | 4,19,844 |
| 8 | സ്ട്രീറ്റ് ടാപ്പുകൾ നീക്കം ചെയ്യൽ (S0288/24) | ,, | KWA | 2,16,735 |

നിക്ഷേപ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാത്തതിനാൽ, പദ്ധതിയിൽ വിഭാവനം ചെയ്ത നേട്ടങ്ങൾ സ്ഥാപനത്തിനും പൊതുജനങ്ങൾക്കും യഥാസമയം ലഭിക്കാത്ത സ്ഥിതിയാണുള്ളത്. പദ്ധതി പൂർത്തീകരിക്കുന്നതിലെ കാലതാമസത്തിന് കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/2023-24/26-09-2024), പ്രവൃത്തികൾ അടിയന്തിരമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. നിക്ഷേപ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ സ്ഥാപന തലത്തിൽ സ്വീകരിക്കേണ്ടതാണ്.

## 1-16 പൊളിച്ച റോഡുകൾ പൂർവ്വസ്ഥിതിയിലാക്കിയില്ല - കരാർ നൽകിയ റോഡ് പ്രവൃത്തികൾ പൂർത്തീകരിക്കാനായില്ല

ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ഗാർഹിക പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് റോഡുകളുടെ വശങ്ങൾ പൊളിച്ച് മാറ്റി. പൈപ്പ് ലൈനുകൾ സ്ഥാപിച്ചെങ്കിലും ഇളക്കിയ ഭാഗം പൂർവ്വസ്ഥിതിയിൽ ആക്കാഞ്ഞതിനാൽ ടി റോഡുകളിലേക്ക് 2022-23 ൽ അസിസ്റ്റന്റ് എഞ്ചിനീയർ

നിർവ്വഹണ ഉദ്യോഗസ്ഥനായി കരാർ നൽകിയ പ്രവൃത്തികൾ പൂർത്തീകരിക്കാനായില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ | കരാറുകാരൻ | എഗ്രിമെന്റ് തീയതി |
|---|---|---|---|---|
| 1 | പാണ്ടിശ്ശേരിപ്പടി പാലനിൽക്കുന്നതിൽ റോഡ് റീടാറിംഗ് & റീകോൺക്രീറ്റിംഗ് S223/23 | 700000 | അനൂപ് ജി | 7.3.2023 |
| 2 | മേലകത്ത്പടി കൈതക്കുളഞ്ഞി റോഡ് റീടാറിംഗ് & ഐറിഷ് ഡ്രെയിൻ നിർമ്മാണം S138/23 | 300000 | അനൂപ് ജി | 27.3.2023 |
| 3 | കൈതക്കാട് ഗിരിദീപം മാവുനിൽക്കുന്നതിൽ മുകളിശ്ശേരിൽ റോഡ് റീടാറിംഗ് S209/23 | 650000 | അനൂപ് ജി | 7.3.2023 |
| 4 | ശ്രീമാൻ റോഡ് റീടാറിംഗ് & റീകോൺക്രീറ്റിംഗ് S217/23 | 300000 | അനൂപ് ജി | 7.3.2023 |
| 5 | പറവൂർപടി ചേരാംപടി റോഡ് റീടാറിംഗ് & ഐറിഷ് ഡ്രെയിൻ S119/2023 | 950000 | അനൂപ് ജി | 30.3.2023 |
| 6 | ദീപാസദനം മഠത്തിൽപ്പടി നല്ലവീട്ടിൽപ്പടി റോഡ് റീടാറിംഗ് & ഐറിഷ് ഡ്രെയിൻ S108/23 | 350000 | അനൂപ് ജി | 7.3.2023 |
| 7 | പൈവഴി വലിയപറമ്പ് പൂതക്കുഴി റോഡ് റീടാറിംഗ്- വാർഡ് 5 S145/23 | 750000 | അനൂപ് ജി | 1.3.2023 |

| | | | | |
|---|---|---|---|---|
| 8 | കളീയ്ക്കൽപ്പടി തോപ്പിൽപ്പടി റോഡ് റീടാറിംഗ്& ഐറിഷ് ഡ്രെയിൻ നിർമ്മാണം S155/23 | 500000 | അനൂപ് ജി | 1.3.2023 |
| 9 | ആൽത്തറപ്പാട്ട് വട്ടക്കൂട്ടത്തിൽപ്പടി റോഡ് റീടാറിംഗ് S149/23 | 300000 | അനൂപ് ജി | 1.3.2023 |
| 10 | തകരക്കാട്ടിൽപ്പടി നെടിയകണ്ടത്തിൽപ്പടി റോഡ് റീടാറിംഗ് S191/23 | 300000 | അനൂപ് ജി | 7.3.2023 |
| 11 | പെരുമ്പ്രത്ത് പൊയ്കയിൽപ്പടി റോഡ് റീടാറിംഗ് S146/23 | 350000 | അനൂപ് ജി | 1.3.2023 |

ജലജീവൻമിഷൻ പദ്ധതിയുടെ ഭാഗമായി റോഡുകളുടെ വശങ്ങൾ ഇളക്കിയിട്ടുള്ളത് റോഡുകളെ നശിപ്പിക്കുന്ന വിധത്തിലാണെന്ന് ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ വ്യക്തമായി. ജെ.സി.ബി ഉപയോഗിച്ച്, ഇരുവശങ്ങളിലുമായി, മിക്ക റോഡുകളുടെയും വീതിയുടെ പകുതിയോളം ഭാഗം ഇളക്കി മാറ്റിയിട്ടുണ്ട്. പഞ്ചായത്ത് ശരിയായി പരിപാലിച്ചുവന്ന റോഡുകൾ മിക്കതും അശാസ്ത്രീയമായ ഈ പ്രവൃത്തി നിമിത്തം തകർന്ന സ്ഥിതിയിലാണ്. ഈ വിഷയത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ആരാഞ്ഞ് 30.9.2024 ൽ 23 -ാം നമ്പരായി ഓഡിറ്റ് എൻക്വയറി നൽകി. ഈ വിഷയം പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ പല തവണ വാട്ടർ അതോറിറ്റിയെ അറിയിച്ചിരുന്നെങ്കിലും പരിഹാരനടപടി ഉണ്ടായില്ല എന്ന് ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചു. എല്ലാ വാർഡുകളിലും ജലജീവൻമിഷൻ പദ്ധതിയുടെ ഭാഗമായി റോഡ് പൊളിച്ച് മാറ്റിയ ഭാഗങ്ങൾ പൂർവ്വസ്ഥിതിയിൽ ആക്കിയിട്ടില്ല എന്നും, പഞ്ചായത്തിലെ റോഡുകളുടെ പുനരുദ്ധാരണം ആ ഭാഗങ്ങളിൽ ഒന്നും തന്നെ ഏറ്റെടുക്കാൻ കഴിയാത്ത സ്ഥിതിയാണെന്നും സൂചിപ്പിച്ച് 27.9.2024 ൽ വാട്ടർ അതോറിറ്റി ചീഫ് എഞ്ചിനീയർക്ക് പഞ്ചായത്ത് പ്രസിഡന്റ് കത്ത് നൽകിയിട്ടുണ്ട്.

**ഓഡിറ്റ് നിർദ്ദേശം**

1. ജലജീവൻമിഷൻ പദ്ധതിയുടെ ഭാഗമായി റോഡ് പൊളിച്ച് മാറ്റിയ ഭാഗങ്ങൾ പൂർവ്വസ്ഥിതിയിൽ ആക്കുന്നതിന് വാട്ടർ അതോറിറ്റി അധികൃതർ അനുകൂല നടപടി സ്വീകരിക്കാത്ത

സാഹചര്യത്തിൽ ഈ വിഷയവും, അതോടൊപ്പം റോഡുകളുടെ വശങ്ങൾ ആവശ്യത്തിലേറെ വീതിയിൽ ജെ.സി.ബി ഉപയോഗിച്ച് അശാസ്ത്രീയമായി പൊളിച്ച് മാറ്റുന്നതും സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

2. റോഡുകൾ പൂർവ്വസ്ഥിതിയിൽ ആക്കിയശേഷം മേൽസൂചിപ്പിച്ച പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-17 വിവിധ ഗ്രാന്റുകൾ ചെലവഴിക്കാതെ നീക്കിയിരിപ്പായി തുടരുന്നു

ഗ്രാമപഞ്ചായത്തിന്റെ 2023-24-ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം വിവിധ വർഷങ്ങളിലായി ഗ്രാന്റായും പ്രത്യേക പദ്ധതികൾ നടപ്പാക്കുന്നതിനുമായും ലഭിച്ചിട്ടുള്ള തുകകൾ ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടുകളിലും ട്രഷറിയിലും നീക്കിയിരിപ്പായി തുടരുന്നു. ഇപ്രകാരം ലഭിച്ചിട്ടുള്ള തുക ചെലവഴിക്കാതിരുന്നതിന് വിശദീകരണം ആരാഞ്ഞ് ഓഡിറ്റ് എൻക്വയറി നൽകുകയുണ്ടായി (നം. 13/2023-24, തീയതി: 27-09-2024). ആയതിന് സെക്രട്ടറി ലഭ്യമാക്കിയ മറുപടി ചുവടെ ചേർക്കുന്നു.

| ഇനം | 31.03.2024-ലെ നീക്കിയിരിപ്പ് തുക | ലഭ്യമാക്കിയ മറുപടി |
|---|---|---|
| ജില്ലാ, ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1,07,756 | നിലവിൽ പ്രോജക്ടുകൾ ഏറ്റെടുത്തിട്ടില്ല |
| ICDS കേന്ദ്ര വിഹിതം | 14,42,930 | 2024-25 വർഷം പ്രോജക്ടുകൾ ആവിഷ്കരിച്ചിട്ടുണ്ട് |
| ശുചിത്വ മിഷൻ ഫണ്ട് | 19,45,604 | ,, |
| LIFE സംസ്ഥാന വിഹിതം | 35,000 | ,, |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 61,91,470 | ,, |
| ദേശീയ ആരോഗ്യ ദൗത്യം (ആയുഷ് ഗ്രാന്റ്) | 7,39,657 | ,, |

| | | |
|---|---|---|
| ഹെൽത്ത് ഗ്രാന്റ് | 17,519 | ,, |
| കുടുംബശ്രീ | 93,168 | ,, |
| HUDCO വായ്പ പലിശ | 8,827 | ,, |
| **ആകെ** | **1,05,81,931** | |

പ്രത്യേക ഉദ്ദേശ്യത്തിനായി ലഭിക്കുന്ന ഗ്രാന്റിനങ്ങൾ ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിക്കുന്നത് ശരിയായ പ്രവണതയല്ല. ശുചിത്വം, മാലിന്യ സംസ്കരണം, പൊതുജനാരോഗ്യം, പോഷകാഹാര വിതരണം, അടിസ്ഥാന സൗകര്യ വികസനം തുടങ്ങി, പഞ്ചായത്തിലെ ഒഴിവാക്കാനാവാത്ത വിവിധ വികസന പ്രവർത്തനങ്ങൾക്കായി മുൻ വർഷങ്ങളിൽ ഉൾപ്പെടെ ലഭിച്ച ഫണ്ടുകളാണ് ഇപ്രകാരം പൊതുജനത്തിന് പ്രയോജനപ്പെടാതെ നിഷ്ക്രിയാവസ്ഥയിലുള്ളത്. കുടുംബശ്രീ അക്കൗണ്ടിലുള്ള തുക അഗതി രഹിത കേരളം പദ്ധതിക്കായി വിനിയോഗിക്കാവുന്നതാണ്. ലഭിക്കുന്ന ഗ്രാന്റുകൾ യഥാസമയം ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടെന്നും പദ്ധതി ലക്ഷ്യം നിറവേറുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതുണ്ട്. ഭരണ സമിതിയുടേയും ഉദ്യോഗസ്ഥരുടേയും ആത്മാർത്ഥമായ പരിശ്രമം ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 1-18 നിക്ഷേപ പ്രവൃത്തികൾ- തുക തിരികെ ലഭിക്കുവാൻ അവശേഷിക്കുന്നു

നിക്ഷേപ പ്രവൃത്തികൾക്കായി വിവിധ നിർവ്വഹണ ഏജൻസികളിൽ മുൻവർഷങ്ങളിൽ ഒടുക്കിയ തുകയിൽ 2023-24 വർഷം വിനിയോഗ സാക്ഷ്യപത്രം ലഭിച്ച പ്രവൃത്തികളുടെ അവശേഷിക്കുന്ന തുക തിരികെ ലഭിച്ചില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് (പ്രോജക്ട് നം.) | വർഷം | ഏജൻസി | തുക (□) | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചത് (₹) | തിരികെ ലഭിക്കാനുള്ള തുക (₹) |
|---|---|---|---|---|---|---|
| 1 | കുടിവള്ള പൈപ്പ് ലൈൻ | 2021-22 | KWA | 7,12,450 | 1744708 | 285202 |

| | | | | | | |
|---|---|---|---|---|---|---|
| | എക്സ്റ്റൻഷൻ (S0112/22) | | | | | |
| 2 | വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (S0177/22) | ,, | ,, | 13,17,550 | | |
| 3 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (S0013/23) | 2022-23 | ,, | 1570000 | 1279567 | 290433 |
| 4 | പുന്നക്കുന്ന് വാർഡ് 8 ലേക്കുള്ള പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കൽ (S0233/23) | ,, | ,, | 260000 | 218688 | 41312 |
| 5 | കുഴൽ കിണർ നിർമ്മാണം | 2019-20 | GWA | 15400 | 15400 | ഇല്ല |

വിനിയോഗ സാക്ഷ്യപത്ര പ്രകാരമുള്ള ചെലവ് കഴിച്ചശേഷമുള്ള തുകയുടെ വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകുകയുണ്ടായി (നം.15/2023-24, തീ. 27-09-2024). വിനിയോഗ സാക്ഷ്യപത്ര പ്രകാരമുള്ള തുക കഴിച്ച് മിച്ചമുള്ള തുക തിരികെ ലഭിച്ചിട്ടില്ലെന്നും, ടി തുക തിരികെ ഈടാക്കി, വിവരം അറിയിക്കുന്നതാണെന്നും എൻക്വയറിക്ക് മറുപടി നൽകി. ഈ വിഷയത്തിൽ തുടർ നടപടി ത്വരിതപ്പെടുത്തേണ്ടതാണ്.

## <u>1-19 നിശ്ചിത സമയപരിധിയ്ക്കകം പൊതുമരാമത്ത് പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കിയില്ല</u>

പൊതുമരാമത്ത് പ്രവൃത്തികൾ കരാറുകാരുടെ എഗ്രിമെന്റ് പ്രകാരമുള്ള നിശ്ചിത സമയപരിധിയ്ക്കകം പൂർത്തീകരിച്ചിട്ടില്ല. എന്നാൽ കാലതാമസം വരുത്തിയതിന് കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കിയില്ല.

കരാറുകാരന്റെ പിഴവ് മൂലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാരൻ നിർവ്വഹണ ഉദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും, പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PACയുടെ 1 % ഫൈൻ ഈടാക്കിക്കൊണ്ട് പൂർത്തീകരണകാലാവധിയുടെ 25% വരെ ഒറ്റത്തവണ ദീർഘിപ്പിച്ച് നൽകാവുന്നതുമാണെന്ന് കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2012 ൽ നിർദ്ദേശിച്ചിട്ടുണ്ട്. തുടർന്നും കാലാവധി ദീർഘിപ്പിക്കുന്നപക്ഷം 2% പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണ സമയത്തിന്റെ 50 % ൽ അധികരിക്കാവുന്നതല്ല. എന്നാൽ നിശ്ചിത സമയപരിധിക്കകം പൂർത്തീകരിക്കാത്ത ഏതാനും പൊതുമരാമത്ത് പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ പേര്, കരാറുകാരൻ, ക്വോട്ട് ചെയ്ത തുക, ബിൽ നമ്പർ/ തീയതി | പ്രവൃത്തിമൂല്യം (ജി.എസ്.റ്റി ഉൾപ്പെടെ) | പ്രവൃത്തിസ്ഥലം കൈമാറിയ തീയതി | എഗ്രിമെന്റ് പ്രകാരം പൂർത്തീകരണ കാലയളവ് | പൂർത്തീകരിച്ച തീയതി | ഫൈൻ ഈടാക്കേണ്ട കാലയളവ്, ഈടാക്കേണ്ട തുക |
|---|---|---|---|---|---|
| തിരുവാഭരണപാത – കൊല്ലശ്ശേരിപ്പടി- മുടപ്പന റോഡ് റീടാറിംഗ് 418626 189/23 അനൂപ് ജി | 473142 | 17.3.2023 | 4 മാസം | 28.2.2024 | 18.7.2023- 28.2.2024 418626x0.03= 12559 |

| | | | | | |
|---|---|---|---|---|---|
| ചെക്ക് നമ്പർ 026334/18.3.2024 | | | | | |
| പി.എച്ച്.സി കെട്ടിടത്തിന്റെ മെയിന്റനൻസും പെയിന്റിംഗും SO205/24<br>ഷാജു.ജി (308818)<br>BRN 93668/28.2.2024 – 79323<br>BRN 35534/7.3.2024 254678 | 254678 | 10.3.2023 | 6 മാസം | 20.2.2024 | 11.9.2023 – 20.2.2024<br>308818x0.03= 9265 |
| ആകെ | | | | | 21824 |

ടി പ്രവൃത്തികളുടെ സമയദൈർഘ്യം നീട്ടി നൽകുന്നതിന് സപ്ലിമെന്ററി എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടില്ല. പൂർത്തീകരണത്തിന് കാലതാമസം വരുത്തിയതിന്മേൽ ഫൈൻ ഈടാക്കിയിട്ടില്ല. അപാകം സംബന്ധിച്ച് 28.9.2024 ൽ 19-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി, ടി കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.

കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കിയശേഷം അറിയിക്കേണ്ടതാണ്. അതുവരെ അധികം നൽകിയ തുക 21824 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-20 അഗതിരഹിതകേരളം പദ്ധതി നിർവ്വഹണം കാര്യക്ഷമമല്ല

അഗതിരഹിതകേരളം പദ്ധതിനിർവ്വഹണം കാര്യക്ഷമമല്ല. ലഭിച്ച ഫണ്ടിന്റെ വിനിയോഗം ഒരു മാസത്തെ ഭക്ഷണവിതരണത്തിൽ മാത്രമായി ഒതുങ്ങി. അനർഹരെ ഗുണഭോക്തൃ ലിസ്റ്റിൽ നിന്ന് ഒഴിവാക്കുന്നതിനും നടപടിയുണ്ടായില്ല.

2018 മുതൽ 2021 വരെ കാലയളവിലേക്ക് അംഗീകാരം വാങ്ങിയിരുന്ന അഗതിരഹിത കേരളം പദ്ധതിക്ക് ആകെ 9893400 രൂപ ആണ് അടങ്കൽ വകയിരുത്തിയിരുന്നത്. നിലവിലും തുടർന്ന് വരുന്ന ടി പദ്ധതിക്ക് 140 ഗുണഭോക്താക്കളാണുള്ളത്. കുടിവെള്ളം, വസ്ത്രം, വൈദ്യുതീകരണം എന്നീ ഇനങ്ങളിൽ ഫണ്ട് വകയിരുത്തിയിരുന്നില്ല എന്നത് പോരായ്മ ആണ്. ഭക്ഷണം, ചികിത്സ, ഭവന നിർമ്മാണം, വിദ്യാഭ്യാസം, വീട് പുനരുദ്ധാരണം എന്നീയിനങ്ങളിൽ തുക വകയിരുത്തിയിരുന്നെങ്കിലും 2024 ഓഗസ്റ്റ് മാസത്തെ ഭക്ഷണവിതരണം ഇനത്തിൽ 167578 രൂപ മാത്രമാണ് ഓഡിറ്റ് വർഷത്തെ ആകെ പദ്ധതിച്ചെലവ്.

പദ്ധതിക്കായുള്ള അക്കൗണ്ടിൽ ലഭിച്ച ഫണ്ടിൽ 31.3.2024 ൽ 948456 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. വികസനഫണ്ടിനത്തിൽ 318635 രൂപ, ചലഞ്ച് ഫണ്ടിനത്തിൽ 163696 രൂപ, പലിശ 464783 രൂപ, കംപ്യൂട്ടർ വാങ്ങുന്നതിനായി ലഭിച്ച ഫണ്ടിന്റെ ബാക്കി 1342 രൂപ എന്നിങ്ങനെയാണ് നീക്കിയിരിപ്പിന്റെ വിശദാംശം. അനർഹർ ഗുണഭോക്തൃ ലിസ്റ്റിൽ ഉണ്ടോയെന്ന് സർവ്വേ മുഖേന കണ്ടെത്തി, അവരെ നീക്കം ചെയ്യുന്നതിന് നടപടികൾ ഒന്നുംതന്നെ സ്വീകരിച്ചിട്ടില്ല. **അഗതിരഹിതകേരളം പദ്ധതിക്കായി സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ ഖണ്ഡിക 3.2.1.2 പ്രകാരം ചലഞ്ച് ഫണ്ട് ലഭ്യമാണെങ്കിൽ, ചലഞ്ച് ഫണ്ടിൽ നിന്നും ചെലവഴിക്കാൻ നിർദ്ദേശിച്ചിട്ടുള്ള കാര്യങ്ങൾക്കായി പൊതുവിഭാഗം വികസനഫണ്ട് ചെലവഴിക്കാൻ പാടില്ല. എന്നാൽ ഏതെങ്കിലും അവസരത്തിൽ ചലഞ്ച് ഫണ്ടോ പലിശയോ ലഭ്യമല്ലായെങ്കിൽ, അഗതിരഹിതകേരളം പദ്ധതിക്കായുള്ള വികസനഫണ്ട് ഭക്ഷണവിതരണത്തിന് വിനിയോഗിക്കാവുന്നതാണ്.** എന്നാൽ പര്യാപ്തമായ പഞ്ചായത്ത് വിഹിതം ലഭ്യമാക്കി എല്ലാ മാസവും അർഹരായ ഗുണഭോക്താക്കൾക്ക് ഭക്ഷണവിതരണം നടത്തുന്നതിനോ മറ്റ് ഘടകങ്ങൾ നടപ്പാക്കുന്നതിനോ ശ്രമം ഉണ്ടാകാതിരുന്നത് ഗുരുതരമായ അപാകമാണ്.

<u>ഓഡിറ്റ് നിർദ്ദേശം</u>

1. കുടുംബശ്രീ മിഷന്റെയും പഞ്ചായത്ത് കമ്മിറ്റിയുടെയും അനുമതിയുടെ അടിസ്ഥാനത്തിൽ അനർഹരെ സർവ്വേയിലൂടെ കണ്ടെത്തി ഗുണഭോക്തൃലിസ്റ്റിൽ നിന്ന് ഒഴിവാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

2. എല്ലാ മാസവും അർഹരായ ഗുണഭോക്താക്കൾക്ക് ഭക്ഷണവിതരണം നടത്തുന്നതിനും പദ്ധതിയുടെ മറ്റ് ഘടകങ്ങൾ നടപ്പാക്കുന്നതിനും ഭരണതല നടപടിക്ക് ശുപാർശ ചെയ്യുന്നു.

## 1-21 കാർഷിക ഉപകരണങ്ങളുടെ ലേലനടപടികൾ പൂർത്തിയായില്ല

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പാടശേഖര സമിതികൾക്ക് വിവിധ പദ്ധതികൾ പ്രകാരം മുൻവർഷങ്ങളിൽ നൽകിയിട്ടുള്ള കാർഷിക യന്ത്രോപകരണങ്ങൾ ഉപയോഗശൂന്യമായതിനാൽ ലേലം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിരുന്നു. എന്നാൽ വർഷങ്ങൾ കഴിഞ്ഞിട്ടും നടപടികൾ പൂർത്തിയാക്കാൻ സാധിക്കാത്തതിനാൽ ഇവ വിറ്റഴിക്കുന്നതിന് സാധിച്ചിട്ടില്ല. കാലപ്പഴക്കം മൂലം പ്രവർത്തനരഹിതമായ യന്ത്രോപകരണങ്ങളുടെ വില നിർണ്ണയിച്ചു നൽകുന്നതിനുള്ള കാലതാമസമാണ് ഇതിനു പ്രധാന കാരണം. ഉപകരണങ്ങളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | യന്ത്രത്തിന്റെ വിവരം | എണ്ണം | പാടശേഖര സമിതിയുടെ പേര് |
|---|---|---|---|
| 1 | Power Tiller | 4 | പനങ്ങാട്, മൂലപ്പുറം, വെട്ടുവേലി, മാന്തുക |
| 2 | Paddy Threasure Cum Winnower | 5 | പനങ്ങാട്, മൂലപ്പുറം, മാന്തുക, വെട്ടുവേലി, വള്ളിച്ചിറ |
| 3 | Power Reeper | 4 | പനങ്ങാട്, മൂലപ്പുറം, മാന്തുക, വള്ളിച്ചിറ |

കാലപ്പഴക്കം മൂലം ഉപയോഗിക്കാൻ കഴിയാത്ത 13 ഇനം കൊയ്ത്ത് മെതി യന്ത്രങ്ങളാണ് ഇത്തരത്തിൽ ലേലം ചെയ്യാൻ കഴിയാത്ത അവസ്ഥയിലുള്ളത്. 11.04.2013ലെ സ.ഉ(ആർ.ടി)986/2013/ ത.സ്വ.ഭ.വ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട്, പ്രവർത്തനരഹിതമായതും അറ്റകുറ്റപ്പണികൾ നടത്തിയാലും പുനരുപയോഗത്തിന് സാദ്ധ്യതയില്ലാത്തതുമായ യന്ത്രോപകരണങ്ങൾ ലേലം ചെയ്ത് വിൽക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്ന് 15.09.21 ലെ PAN/9824/2021 NI(DP) നമ്പർ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ നിർദ്ദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഉപകരണങ്ങൾ ലേലം ചെയ്യുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനിക്കുകയും, വില നിർണ്ണയിച്ച് നൽകുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ

06.12.2021 ലെ, നമ്പർ A5/6649/21 കത്ത് പ്രകാരം മാവേലിക്കര PWD മെക്കാനിക്കൽ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിലേക്ക് ഉപകരണങ്ങളുടെ ലിസ്റ്റ് നൽകുകയും ചെയ്തിരുന്നു. തുടർന്നുള്ള കത്തിടപാടുകളുടെ അടിസ്ഥാനത്തിൽ 18/08/23 ൽ അസി. എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിൽ നിന്ന് ഫീൽഡ് സന്ദർശനം നടത്തി ഉപകരണങ്ങൾ പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ യന്ത്രോപകരണങ്ങളുടെ അൺ എക്കണോമി സർട്ടിഫിക്കറ്റ് നൽകുന്നതിന് ഉപകരണങ്ങളുടെ കാലപ്പഴക്കം, ഉപയോഗിച്ച മണിക്കൂർ, റിപ്പയർ എസ്റ്റിമേറ്റ് എന്നിവ ആവശ്യപ്പെട്ടുകൊണ്ട് PWD മെക്കാനിക്കൽ വിഭാഗം 27.12 23 ൽ കത്തു നൽകുകയും 19.08.2024 ൽ Purchase Value ഉൾപ്പെടുത്തി KFC Form 21 പുതുക്കി നൽകണമെന്ന് വീണ്ടും ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

ലേലനടപടികൾ ആരംഭിച്ച് വർഷങ്ങൾ പിന്നിട്ടിട്ടും യന്ത്രോപകരണങ്ങൾ വിൽക്കാൻ കഴിയാത്തതു മൂലം ഇവ തുരുമ്പെടുത്ത് നശിക്കുന്നതിനും ഗ്രാമപഞ്ചായത്തിന് ലേല ഇനത്തിൽ വരുമാന നഷ്ടത്തിനും കാരണമാകുന്നു. ഈ വിഷയത്തിൽ അടിയന്തിര തുടർ നടപടികൾ സ്വീകരിക്കുന്നതിന് ഭരണവകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-22 തെരുവുവിളക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമല്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മുഴുവൻ തെരുവ് വിളക്കുകളുടെയും വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തി ഒരു രജിസ്റ്റർ തയ്യാറാക്കേണ്ടതാണെന്ന് പഞ്ചായത്ത് ഡയറക്ടർ 17.08.2015 ലെ സർക്കുലർ നം.ജി-2-44274/2015 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്ന സ്റ്റോക്ക് രജിസ്റ്ററിൽ, വാങ്ങിയ ഉപകരണങ്ങളുടേയും വിതരണം ചെയ്യുന്നവയുടേയും വിവരങ്ങൾ രേഖപ്പെടുത്തുന്നുണ്ടെങ്കിലും പഞ്ചായത്ത് പ്രദേശത്തെ മുഴുവൻ തെരുവ് വിളക്കുകളുടെയും വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.17/27.09.2024) മറുപടിയായി, സ്റ്റോക്ക് രജിസ്റ്റർ കൃത്യമാക്കി സൂക്ഷിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. കേടായ ഉപകരണങ്ങൾ അതാത് ദിവസം പഞ്ചായത്തിൽ തിരികെ കൊണ്ട് വന്ന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. വാർഡ് തലത്തിൽ വാർഡ് മെമ്പർ ചെയർമാനും, പഞ്ചായത്ത് ഭരണസമിതിയിലെ അംഗങ്ങൾ, അസി.എഞ്ചിനീയർ, സെക്രട്ടറി, കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥർ

എന്നിവർ അംഗങ്ങളുമായുള്ള മോണിട്ടറിംഗ് സമിതി രൂപീകരിക്കേണ്ടതാണ്. സ്ട്രീറ്റ് ലൈറ്റുകളുടെ അറ്റകുറ്റപണികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് മോണിറ്ററിംഗ് കമ്മിറ്റി, തെരഞ്ഞെടുത്ത വാർഡുകളിൽ നേരിട്ട് പരിശോധന നടത്തി പ്രവർത്തനം വിലയിരുത്തുകയും ചെയ്യേണ്ടതാണ്. അപാകം പരിഹരിയ്ക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-23 അങ്കണവാടികൾക്ക് അടിസ്ഥാനസൗകര്യം അപര്യാപ്തം

ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളുടെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നില്ല. അങ്കണവാടികളുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (08/2024 തീയതി 25.09.24) മറുപടി ലഭിച്ചത് പ്രകാരം, ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള 30 അങ്കണവാടികളിൽ 18 എണ്ണത്തിനു മാത്രമാണ് സ്വന്തം കെട്ടിടമുള്ളത്. 11 എണ്ണം വാടകക്കെട്ടിടത്തിലും ഒരെണ്ണം വാടകരഹിതമായും പ്രവർത്തിക്കുന്നു. സ്ഥലം ലഭ്യമായിട്ടുള്ള സെന്റർ നമ്പർ 6ന് സ്മാർട്ട് അംഗൻവാടി നിർമ്മാണത്തിന് തുടർനടപടികൾ സ്വീകരിച്ചതായും, അറ്റകുറ്റപ്പണികൾ ആവശ്യമായവയ്ക്ക് അവ ചെയ്യുന്നതിനുള്ള പ്രാരംഭനടപടികൾ ആരംഭിച്ചതായും അറിയിച്ചിട്ടുണ്ട്. നടപടികൾ ത്വരിതമാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. കുടിവെള്ളം, ടോയ്‌ലറ്റ്, വൈദ്യുതി സൗകര്യങ്ങൾ എല്ലാ അങ്കണവാടികളിലും ലഭ്യമാണ്. വാർഷികകണക്കുകൾ പ്രകാരം കേന്ദ്രവിഹിതം 1442930 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. ഈ തുക വിനിയോഗിച്ച് അങ്കണവാടികൾക്ക് അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവയ്ക്ക് കെട്ടിട നിർമ്മാണത്തിന് സ്ഥലം ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ് . വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-24 പി.എച്ച്.സിയിലേക്ക് മരുന്നുകളും ഉപകരണങ്ങളും ലഭിക്കുവാൻ അവശേഷിക്കുന്നു

2023-24 സാമ്പത്തിക വർഷം കുളനട പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലേക്ക് മരുന്നും ഉപകരണങ്ങളും വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡിന് (കെ.എം.എസ്.സി.എൽ) മുൻകൂറായി പണം നൽകിയെങ്കിലും മരുന്നും ഉപകരണങ്ങളും പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര്/നമ്പർ/ഫണ്ട് | നൽകിയ തുക ബിൽ നം./ തീയതി | പ്രൊഫോർമ ഇൻവോയിസ് നം. തീയതി | ലഭ്യമായ മരുന്നുകൾ (തുക) | അവശേഷിക്കുന്ന മരുന്നുകൾ (തുക) |
|---|---|---|---|---|
| പെയിൻ & പാലിയേറ്റീവ് കെയർ (S0050/24)- വികസന ഫണ്ട്, ജില്ലാപഞ്ചായത്ത് വിഹിതം | Rs. 3,52,561<br>413198/08-08-23<br>Rs. 4,99,985<br>817754/21-11-23 | No.825/03-08-23<br>No.710/24-07-2023 | Rs. 5,56,556 | Rs. 2,95,990 |
| പി.എച്ച്.സി-ക്ക് മരുന്ന് വാങ്ങൽ(S0047/24)<br>നോൺ റോഡ് | Rs. 2,80,416<br>413162/08-08-23<br>Rs. 3,88,922<br>772394/10-11-23<br>Rs.3,05,697<br>818122/21-11-23 | No. 579/10-07-23<br>No. 1229/12-09-23<br>No. 2064/13-11-23 | Rs. 3,12,671 | Rs. 6,62,364 |
| അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി- മരുന്ന് ലഭ്യമാക്കൽ (S0232/24)<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം | Rs. 50,000<br>13/19-05-23 | No. 5083/ 08-03-23 | ഇല്ല | Rs. 50,000 |
| പി.എച്ച്.സി. ലാബിലേയും വെൽനെസ്സ് | Rs. 1,16,008 (ഉപകരണങ്ങളും മരുന്നും) | No. 147/23-12-23<br>No. 2818/27-12-23 | ഇല്ല | Rs. 1,16,008 |

| | | | | |
|---|---|---|---|---|
| സെന്ററിലേയും പരിശോധന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ (S0263/24)<br>ഹെൽത്ത് ഗ്രാന്റ് | 220/01-01-24 | | | |

ഇതു സംബന്ധിച്ച് മെഡിക്കൽ ഓഫീസർക്ക് ഓഡിറ്റ് എൻക്വയറി നൽകുകയുണ്ടായി (നം.04/2023-24, തീയതി: 25-09-2024). എൻക്വയറിക്ക് മറുപടിയായി, ഒരു വർഷം മുൻകൂട്ടി കണക്കാക്കിയാണ് ഇൻഡന്റ് നൽകുന്നതെന്നും മരുന്നും ഉപകരണങ്ങളും ലഭിച്ചുവരുന്നുവെന്നും നിലവിൽ മരുന്നുകൾ സ്റ്റോക്ക് ഔട്ട് ഇല്ലായെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുന്നതിന് കെ.എം.എസ്.സി.എൽ-ന് കത്ത് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭിക്കുന്നതിന് തുടർ അന്വേഷണങ്ങൾ നടത്തുവാൻ ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 1-25 ലൈഫ് ഭവനപദ്ധതി - ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചില്ല

ലൈഫ് പദ്ധതി പ്രകാരം ഭവനനിർമ്മാണത്തിന് ധനസഹായം കൈപ്പറ്റിയ ചുവടെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തീകരിച്ചില്ല.

| പദ്ധതിയുടെ പേര് | ഗുണഭോക്താവിന്റെ പേര് | തുക നൽകിയ തീയതി | നൽകിയ തുക | റിമാർക്ക് |
|---|---|---|---|---|
| ലൈഫ് 2020 ( ജനറൽ) | രവീന്ദ്രൻനായർ, തെക്കേടത്ത് കിഴക്കേതിൽ, പനങ്ങാട് പി.ഓ | 13.2.2023 | 40000 | ബേസ്മെന്റ് പൂർത്തീകരിച്ചു |
| | | 10.4.2023 | 160000 | |
| ലൈഫ് 2020 (എസ്.സി.പി) | രഘുനാഥൻ, ചെട്ടിയാംവിളയിൽ, | 10.2.2023 | 40000 | പണി ആരംഭിച്ചില്ല |

| | | | | |
|---|---|---|---|---|
| | കുളനട | | | |
| ,, | സനോജ്, വടക്കേക്കാളുവേലിൽ, ഉളനാട് പി.ഓ | 25.3.2023 | 40000 | ,, |
| ,, | ജാനമ്മ, പുത്തൻപുര മേലേതിൽ, തുമ്പമൺ നോർത്ത് | 16.1.2023 | 40000 | ,, |

നാളിതുവരെ പണി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ ടി ഗുണഭോക്താക്കളിൽ നിന്ന് തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് ആരാഞ്ഞ് 30.9.2024 ൽ 25-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല.

**ഓഡിറ്റ് നിർദ്ദേശം**

ഗുണഭോക്താക്കൾ പണി പൂർത്തീകരിക്കുന്നതിനോ അല്ലാത്തപക്ഷം അവരിൽ നിന്ന് തുക തിരികെ ഈടാക്കുന്നതിനോ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 1-26 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി -നിർമ്മാണം പൂർത്തീകരിച്ചില്ല

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണത്തിന് ധനസഹായം നൽകുന്നതിന് 2022-23-ൽ ആവിഷ്ക്കരിച്ച പദ്ധതി പ്രകാരം പഠനമുറി നിർമ്മാണം ആരംഭിച്ച രണ്ട് ഗുണഭോക്താക്കൾ നാളിതുവരെ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ (രക്ഷിതാവിന്റെ) പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | ശ്രീ. വിജയകുമാർ | 1,25,000 |
| 3 | ശ്രീ. സുകുമാരൻ | 1,25,000 |

2023-24 സാമ്പത്തികവർഷം പദ്ധതി സ്പിൽ ഓവർ ആയി നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ മേൽപ്പറഞ്ഞ ഗുണഭോക്താക്കൾ പഠനമുറി പൂർത്തിയാക്കി മുഴുവൻ തുകയും കൈപ്പറ്റിയിട്ടില്ല. ഈ ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി ആരാഞ്ഞു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/25.09.24), ക്രമനമ്പർ (1) ലിന്റൽ ലെവൽ വരെ പൂർത്തീകരിച്ചതായും ക്രമനമ്പർ (2) 85 ശതമാനം പണികൾ പൂർത്തിയാക്കിയതായും മറുപടി നൽകിയിട്ടുണ്ട്. ടിയാളുകളുടെ പഠനമുറി അടിയന്തിരമായി പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-27 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്- ലാപ്ടോപ്പുകൾ പൂർണ്ണമായി ലഭിച്ചില്ല

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് നൽകുന്നതിന് അസിസ്റ്റന്റ് സെക്രട്ടറി നിർവഹണോദ്യോഗസ്ഥയായി പദ്ധതി (184/24) ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി പട്ടികജാതി വികസനഫണ്ട് ചെലവഴിച്ച് 15 ലാപ്ടോപ്പുകൾ 38016 രൂപ നിരക്കിൽ വാങ്ങുന്നതിന് 570240 രൂപ കെൽട്രോണിന് നൽകിയിട്ടുണ്ട്. എന്നാൽ 190080 രൂപയുടെ ലാപ്ടോപ്പുകൾ (5 എണ്ണം) നാളിതുവരെ കെൽട്രോണിൽ നിന്ന് ലഭിച്ചിട്ടില്ല. ലാപ്ടോപ്പുകൾ ലഭ്യമാകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/2024തീയതി24.09.24), സാങ്കേതിക കാരണങ്ങളാലാണ് ലാപ്ടോപ്പുകൾ ലഭ്യമാകുന്നതിന് കാലതാമസം വരുന്നതെന്നും ഉടൻ തന്നെ ലാപ്ടോപ്പുകൾ ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചതായും അറിയിച്ചിട്ടുണ്ട്. തൻവർഷം ലാപ്ടോപ്പുകൾ പൂർണ്ണമായി ലഭിക്കാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല. ലാപ്ടോപ്പുകൾ ലഭിക്കുന്ന മുറയ്ക്ക് അവ അർഹരായ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-28 പമ്പ്സെറ്റുകൾ പ്രവർത്തനക്ഷമമാക്കിയില്ല

ഏലത്തറ പുഞ്ച, വള്ളിച്ചിറ പാടശേഖരം എന്നിവിടങ്ങളിലേക്കായി 3,89,872 രൂപ ചെലവഴിച്ച് മുൻവർഷം വാങ്ങിയ 3 പമ്പ് സെറ്റുകൾ നാളിതുവരെ പ്രവർത്തനക്ഷമമാക്കിയിട്ടില്ല. പമ്പ് ഹൗസ് നിർമ്മിക്കാത്തതിനാൽ, വാങ്ങിയ ഉപകരണങ്ങൾ തുരുമ്പെടുത്ത് നശിക്കുന്ന

സാഹചര്യമാണുള്ളത്. 20 എച്ച്.പി. യുടെ കിർലോസ്ക്കർ മോണോസ്ലോക്ക് പമ്പ് സെറ്റ് ഒരെണ്ണം വള്ളിച്ചിറ പാടശേഖര സമിതിക്കും 10 എച്ച്.പി.യുടെ രണ്ട് പമ്പ് സെറ്റുകൾ ഏലത്തറ പുഞ്ച പാടശേഖര സമിതിക്കുമാണ് കൈമാറിയിട്ടുള്ളത്.
ജലസ്രോതസ്സ്, പമ്പ് ഹൗസ്, വൈദ്യുത കണക്ഷൻ എന്നിവ ഉറപ്പാക്കാതെയും പാടശേഖരങ്ങളിലേക്ക് വെള്ളം എത്തിക്കാനാവശ്യമായ ഹോസ് ലഭ്യമാക്കാതെയും മുൻകൂറായി പമ്പ് സെറ്റുകൾ വാങ്ങിയ നടപടി ക്രമപ്രകാരമല്ല. മോട്ടോറുകളുടെ വാറന്റി കാലയളവായ ഒരു വർഷം കഴിഞ്ഞിട്ടും അവ പ്രവർത്തിപ്പിക്കാൻ കഴിയാത്ത അവസ്ഥയിലാണ്. ഉപകരണങ്ങൾ വാങ്ങി ഒന്നര വർഷം പിന്നിട്ടിട്ടും പമ്പ് ഹൗസ് സ്ഥാപിക്കാനോ വൈദ്യുത കണക്ഷൻ ലഭ്യമാക്കാനോ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല എന്നത് ഗ്രാമപഞ്ചായത്തിന്റെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.
പമ്പ് സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ പമ്പ് ഹൗസ് നിർമ്മിക്കുന്നതിനും വൈദ്യുത കണക്ഷൻ ഏർപ്പെടുത്തുന്നതിനും സ്വീകരിച്ച നടപടികൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (07/26.09.2024) നൽകിയതിന് മറുപടിയായി, പഞ്ചായത്തിന്റെ 2024-25 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പമ്പ് ഹൗസ് നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചതായും, വൈദ്യുത കണക്ഷൻ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് പമ്പ് സെറ്റുകൾ പ്രവർത്തനക്ഷമമാക്കുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.
വാങ്ങിയ ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. പ്രസ്തുത വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-29 മുറ്റത്തൊരു മീൻതോട്ടം-അപാകങ്ങൾ

1)

| | |
|---|---|
| പദ്ധതി യുടെ പേര്/നമ്പർ | മുറ്റത്തൊരു മീൻതോട്ടം<br>S00191/24 ജനറൽ |
| അടങ്കൽ തുക | 24000 വികസനഫണ്ട്<br>36000 മറ്റുള്ളവ |
| ചെലവ് തുക | 24000 വികസനഫണ്ട് |
| ബിൽ നം /തീയതി | 230506520181010139 01/01.01.2024 |

**2)**

| | |
|---|---|
| പദ്ധതി യുടെ പേര്/നമ്പർ | മുറ്റത്തൊരു മീൻതോട്ടം<br>S00192/24 എസ്.സി.പി |
| അടങ്കൽ തുക | 15000 വികസനഫണ്ട്<br>5000 മറ്റുള്ളവ |
| ചെലവ് തുക | 15000 വികസനഫണ്ട് |
| ബിൽ നം /തീയതി | 23050652018101013889/01.01.2024 |

ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2023-24 വർഷം നടപ്പിലാക്കിയ മേൽ പദ്ധതികൾ പ്രകാരം നാല് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. പദ്ധതി നിർവ്വഹണം സംബന്ധിച്ച പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ, ചുവടെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. കേരള ഉൾനാടൻ മത്സ്യബന്ധനവും അകാകൾച്ചറും ആക്ട് 2010 പ്രകാരമുള്ള രജിസ്ട്രേഷനും അകാകൾച്ചർ ലൈസൻസും യഥാസമയം നേടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന്, നിർവ്വഹണ ഉദ്യോഗസ്ഥനും ഗുണഭോക്താക്കളുമായി ഏർപ്പെട്ട കരാറിന്റെ മൂന്നാമത്തെ നിബന്ധനയിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കളുടെ അകാകൾച്ചർ രജിസ്ട്രേഷൻ, ലൈസൻസ് എന്നിവ അപേക്ഷയോടൊപ്പം ലഭ്യമാക്കിയിട്ടില്ല.

2. കുളം നിർമ്മിക്കൽ തൊഴിലുറപ്പു പദ്ധതിയിൽ നിർവ്വഹിക്കുന്നതിനുള്ള സാധ്യത ഉപയോഗപ്പെടുത്തേണ്ടതാണെന്ന് 14- ാം പദ്ധതി മാർഗ്ഗരേഖയുടെ ഖ:6.4 ന്റെ 13A-യിൽ നിഷ്കർഷിക്കുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് തൊഴിലുറപ്പു പദ്ധതിയുടെ സാധ്യത പ്രയോജനപ്പെടുത്തിയിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/27.09.2024) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. തുടർ വർഷങ്ങളിൽ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി പദ്ധതി നിർവ്വഹണം നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-30 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ- മാലിന്യസംസ്കരണം ഹരിതകർമ്മസേനയിലൂടെ-അവലോകനം

ഗ്രാമപ്പഞ്ചായത്ത് പ്രദേശത്തെ മാലിന്യം നിർമാർജ്ജനം ചെയ്യുന്നതിൽ പഞ്ചായത്തിന്റെയും, മാലിന്യ ഉൽപ്പാദകരുടെയും ചുമതലകൾ, കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ലെ 219(എ) മുതൽ (എസ്) വരെയുള്ള വകുപ്പുകൾ പ്രകാരം നിർവചിച്ചിട്ടുണ്ട്. കൂടാതെ, 166-ാം വകുപ്പിനു കീഴിലുള്ള മൂന്നാം പട്ടികയിൽ പ്രതിപാദിക്കുന്ന, ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഉൾപ്പെട്ട വിഷയമാണ് മാലിന്യ സംസ്ക്കരണം. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ 07.06.2024-ലെ ഡി.കെ.എസ്.എ.47/സി.എ.ആർ.3/2004 നമ്പർ കത്ത് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ '**ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമ്മ സേനയിലൂടെ**' എന്ന വിഷയം പരിശോധിച്ച് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം ഗ്രാമപഞ്ചായത്തിലെ മാലിന്യസംസ്കരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പദ്ധതികളുടെ ഫയലുകൾ, ഓഡിറ്റ് എൻക്വയറിക്ക് (നം.2/24.09.2024) പഞ്ചായത്ത് സമർപ്പിച്ച മറുപടി എന്നിവയുടെ അടിസ്ഥാനത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം അവലോകനം നടത്തിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

### 1. അടിസ്ഥാന വിവരങ്ങൾ

ഗ്രാമപ്പഞ്ചായത്തിലെ 16 വാർഡുകളിലായി 6864 വീടുകളും 699 വാണിജ്യ സ്ഥാപങ്ങളുമാണുള്ളത്. ഹരിതകർമ്മ സേനയുടെ സേവനം എല്ലാ ഭവനങ്ങളും സ്ഥാപനങ്ങളും ഉപയോഗപ്പെടുത്തുന്നുണ്ട്. ഹരിത മിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റത്തിന് തുക നൽകൽ പദ്ധതിക്കായി 316500 രൂപ ചെലവഴിച്ചിട്ടുണ്ട്. ഹരിതമിത്രം ആപ്പ് ഉപയോഗിച്ചുള്ള മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി 6864 വീടുകളിലും 699 സ്ഥാപനങ്ങളിലും QR കോഡ് പതിപ്പിച്ചിട്ടുണ്ട്.

### 2. മാലിന്യ ശേഖരണ കാര്യക്ഷമത

മാലിന്യ ശേഖരണത്തിനായി കലണ്ടർ മുൻകൂട്ടി തയ്യാറാക്കുകയും, ഷെഡ്യൂൾ പ്രകാരം മാലിന്യ ശേഖരണം നടത്തുകയും ചെയ്യുന്നുണ്ട്. എല്ലാ മാസവും 1 മുതൽ 10 വരെ തീയതികളിൽ മാലിന്യശേഖരണം നടത്തുന്നുണ്ട്. എല്ലാ പൊതുപരിപാടികളിലും ഹരിതകർമ്മസേനയെക്കുറിച്ചും

മാലിന്യ സംസ്കരണത്തെകുറിച്ചും ബോധവൽക്കരണം നടത്തി ജനകീയ പങ്കാളിത്തം ഉറപ്പാക്കാൻ പഞ്ചായത്ത് ശ്രദ്ധിച്ചിട്ടുണ്ട്.

**3. മാലിന്യ വേർതിരിവ് പാലിക്കൽ**

ശേഖരിക്കുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ സംസ്കരിക്കുന്നതിന്റെ ഭാഗമായി വീടുകളിലും സ്ഥാപനങ്ങളിലും ബയോബിന്നുകൾ. സോക് പിറ്റുകൾ എന്നിവ നൽകുന്നതിന് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. വീടുകളിൽ നിന്ന് ശേഖരിക്കുന്ന പാഴ്വസ്തുക്കൾ ഹരിതകർമ്മസേനാംഗങ്ങൾ മിനി എം.സി.എഫിൽ സൂക്ഷിക്കുകയും അവ സമയബന്ധിതമായും കാര്യക്ഷമമായും എം.സി.എഫ്-ലേക്ക് മാറ്റുകയും തരം തിരിച്ച് സൂക്ഷിക്കുകയും ചെയ്യുന്നു. എം.സി.എഫ്.-ൽ നിന്നും ക്ലീൻ കേരള കമ്പനി മാലിന്യം ശേഖരിച്ചു കൊണ്ടുപോകുകയും ചെയ്യുന്നുണ്ട്.

**4. റീസൈക്ലിംഗ്**

പുനരുപയോഗ സാധ്യതയുള്ള വസ്തുക്കൾ റീസൈക്കിൾ ചെയ്യുന്നതിന് ക്ലീൻ കേരള കമ്പനിക്ക് കൈമാറുന്നു.

**5. കമ്മ്യൂണിറ്റി എൻഗേജ്മെന്റ്**

സ്കൂളുകളിൽ ശുചിത്വ ക്യാംപെയിനുകളും, മാലിന്യസംസ്കരണ ക്ളാസ്സുകളും സംഘടിപ്പിച്ചിട്ടുണ്ട്. സ്നേഹാരാമം പദ്ധതിയിലുൾപ്പെടുത്തി പൊതുസ്ഥലങ്ങൾ വൃത്തിയാക്കുകയും എല്ലാ ഘടകസ്ഥാപനങ്ങളിലും ഹരിത ചട്ടം പാലിക്കുന്നതിന് നിർദ്ദേശം നൽകുകയും പരിശോധന നടത്തി, ഹരിത ഓഫീസുകളായി പ്രഖ്യാപിക്കുകയും ചെയ്തുവരുന്നു. CDS യോഗങ്ങളിൽ മാലിന്യസംസ്ക്കരണം സംബന്ധിച്ച ക്ളാസ്സുകൾ നടത്തുന്നുണ്ട്.

**6. തൊഴിൽ സൃഷ്ടിക്കൽ**

ഹരിതകർമ്മസേനാംഗങ്ങളായി നിലവിൽ 28 പേരാണുള്ളത്. ഇവർക്ക് പ്രതിമാസം ശരാശരി 5000 രൂപ നിരക്കിൽ വേതനം ലഭിച്ചുവരുന്നു. ഹരിതകർമ്മസേനാംഗങ്ങൾക്ക് വരുമാനദായകമായ സംരംഭങ്ങൾ തുടങ്ങാൻ ധനസഹായം അനുവദിക്കുന്ന പ്രോജക്റ്റുകൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

**7. അടിസ്ഥാന സൗകര്യ വികസനം**

ഖരമാലിന്യ സംസ്കരണത്തിന്റെ ഭാഗമായി നിലവിൽ ഒരു എം.സി.എഫും പതിനാറ് മിനി എം.സി.എഫുകളുമുണ്ട്. മിനി എംസിഎഫുകളിൽ നിന്ന് മാലിന്യശേഖരണത്തിനായി നിലവിൽ വാഹനം ഇല്ല. താല്ക്കാലിക സംവിധാനങ്ങൾ ഉപയോഗിച്ചാണ് നിലവിൽ മാലിന്യം മിനി എം.സി.എഫ് കളിൽ നിന്ന് നീക്കം ചെയ്യുന്നത്.

**8. പാരിസ്ഥിതിക ആഘാതം**

പാരിസ്ഥിതിക ആഘാതം കുറയ്ക്കുന്നതിന്റെ ഭാഗമായി, പഞ്ചായത്ത് പരിധിയിൽ അനധികൃതമായി മാലിന്യങ്ങൾ വലിച്ചെറിയുന്നതും, പ്ലാസ്റ്റിക് ഉത്പന്നങ്ങൾ അലക്ഷ്യമായി കൈകാര്യം ചെയ്യുന്നതും, നിരോധിത പ്ലാസ്റ്റിക് ഉത്പന്നങ്ങൾ വിൽക്കുന്നതും തടയുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പിഴയിനത്തിൽ താഴെ പറയും പ്രകാരം തുക ഈടാക്കിയിട്ടുണ്ട്.

1. അനധികൃതമാലിന്യം വലിച്ചെറിയൽ – 35000 രൂപ
2. നിരോധിത പ്ളാസ്റ്റിക്ക് ഉല്പന്നങ്ങളുടെ വില്പന – 60000 രൂപ
3. പ്ളാസ്റ്റിക്ക് മാലിന്യം പൊതു സ്ഥലത്ത് കത്തിച്ചത് - 30000 രൂപ

**9. പരിശീലനപരിപാടികൾ**

ഹരിതകർമ്മ സേനാംഗങ്ങൾക്ക് മാലിന്യ സംസ്കരണത്തിൽ അവരുടെ കഴിവുകളും അറിവും വർദ്ധിപ്പിക്കുന്നതിനും, തുടർച്ചയായ പുരോഗതിയും പ്രൊഫഷണൽ വികസനവും ഉറപ്പാക്കുന്നതിനും, കാലാകാലങ്ങളിൽ സർക്കാർ അനുശാസിക്കുന്ന പരിശീലനങ്ങൾ നല്കി വരുന്നുണ്ട്. ജില്ലാതല, ബ്ളോക്ക്തല പരിശീലനങ്ങൾ, ക്ലീൻ കേരള കമ്പനിയുടെ മേൽനോട്ടത്തിൽ മാലിന്യം തരംതിരിക്കൽ പരിശീലനം, കുടുംബശ്രീയുടെ മേൽനോട്ടത്തിൽ ഹരിതകർമ്മസേനയെ ശക്തിപ്പെടുത്തുന്നതിനുള്ള പരിശീലനം എന്നിവ ഇവയിൽപ്പെടുന്നു.

**10. നിയമങ്ങൾ പാലിക്കൽ**

പഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള മാലിന്യ സംസ്കരണ മാനദണ്ഡങ്ങൾ പാലിച്ചാണ് ഹരിതകർമ്മസേനയുടെ പ്രവർത്തനം നടക്കുന്നത്.

**11. ഹരിത കർമ്മ സേനാംഗങ്ങളുടെ പ്രവർത്തനം**

ഹരിതകർമ്മസേനയുടെ പ്രവർത്തനം സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെയും ഉദ്യോഗസ്ഥരുടേയും നേതൃത്വത്തിൽ പ്രതിമാസ അവലോകനം നടത്തിവരുന്നു.

കൺസോർഷ്യത്തിന്റെ വരവ് ചെലവ് കണക്കുകൾ പരിശോധിക്കുകയും ഹരിതകർമ്മസേനക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകിവരുകയും ചെയ്യുന്നു. യൂസർഫീസ് വരുമാനം കുറവുള്ള വാർഡുകളെ ക്ളസ്റ്റർ ആയി രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു

## 12. മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF)

### (A) അടിസ്ഥാന വിവരങ്ങൾ

ഖരമാലിന്യ സംസ്കരണത്തിന്റെ ഭാഗമായി നിലവിൽ 4-ാം വാർഡിൽ വായനശാലക്ക് സമീപം ഒരു MCF കെട്ടിടം ഉണ്ട്. എന്നാൽ സ്ഥലപരിമിതി മൂലം മറ്റൊരു താല്ക്കാലിക MCF ഉം 13-ാം വാർഡിൽ പ്രവർത്തിച്ചുവരുന്നു.

| | |
|---|---|
| ടിപ്പിംഗ് ഏരിയ | NA |
| സ്റ്റോറേജ് ഏരിയ | 288 Sq.Ft |
| സോർട്ടിംഗ് ഏരിയ | 238 Sq.Ft |
| മെഷീനറി ഏരിയ | NA |
| അന്തിമ സംഭരണശേഷി | 566 Sq.F |

കെട്ടിടത്തിലേക്ക് എത്തിച്ചേരുന്നതിന് റോഡ് സൗകര്യം ലഭ്യമാണ്. മെഷീനറി സൗകര്യങ്ങൾ കെട്ടിടത്തിൽ ഏർപ്പെടുത്തിയിട്ടില്ല. ശുചിമുറി സൗകര്യം ഉണ്ട്. കെട്ടിടത്തിന്റെ സ്ഥലപരിമിതി മൂലം നിലവിൽ മറ്റൊരു താല്ക്കാലിക കെട്ടിടം കൂടി ഏർപ്പെടുത്തിയാണ് മാലിന്യശേഖരണം നടത്തുന്നത്.



MCF ഉള്ളന്നൂർ



താല്ക്കാലിക MCF-പനങ്ങാട്

ഹരിതകർമ്മസേനയുടെ യൂസർ ഫീസ് ഇനത്തിൽ വീടുകളിൽ നിന്ന് 50 രൂപയും സ്ഥാപനങ്ങളിൽ നിന്ന് 100 രൂപയുമാണ് കളക്ട് ചെയ്യുന്നത്. ഈയിനത്തിൽ 2023-2024 ൽ 3012584 രൂപ പിരിച്ചെടുത്തിട്ടുണ്ട്. 2049616 രൂപ യൂസർഫീസ് പിരിക്കാൻ അവശേഷിക്കുന്നുണ്ട്. യൂസർഫീസ് കുടിശ്ശിക ഈടാക്കുന്നതിന് അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്. നിലവിൽ മാസത്തിലൊരിക്കൽ അജൈവമാലിന്യങ്ങൾ ക്ളീൻ കേരള കമ്പനിക്ക് കൈമാറുന്നുണ്ട്. 21929 കിലോഗ്രാം ലെഗസി മാലിന്യം ക്ലീൻകേരള കമ്പനിക്ക് നൽകിയിട്ടുണ്ട്.

ശുചിത്വ പരിപാലനത്തിൽ ഹരിതകർമ്മ സേനയുടെ സേവനം പൊതുവെ തൃപ്തികരമാണ്. മാലിന്യം അശ്രദ്ധമായി വലിച്ചെറിയുന്നവർക്കെതിരെ കർശന ശിക്ഷാനടപടികൾ സ്വീകരിക്കുന്നത് വഴിയും, മാലിന്യ സംസ്കരണത്തെ പ്രോൽസാഹിപ്പിക്കുന്നവർക്ക് പാരിതോഷികങ്ങൾ നൽകുന്നത് വഴിയും മാലിന്യ നിർമാർജ്ജനത്തെ പുതിയ തലത്തിലെത്തിക്കാൻ ഹരിതകർമ്മ സേനയ്ക്ക് കഴിഞ്ഞിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണത്തിലൂടെ സുസ്ഥിര വികസനം എന്ന ലക്ഷ്യത്തിലെത്തുന്നതിന് ഹരിതകർമ്മ സേന അവിഭാജ്യ ഘടകമാണ്.

ഹരിതകർമ്മസേനയുടെ ക്ഷമത ഉയർത്തി പ്രവർത്തനം കുറ്റമറ്റതാക്കാൻ ഏതാനും നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഹരിതകർമ്മ സേനയുടെ സേവനം ഉറപ്പാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

. പാഴ് വസ്തു സംഭരണ കേന്ദ്രങ്ങളിൽ (MCF, RRF) തീപിടിത്തം ഉൾപ്പടെയുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ (സർക്കുലർ നം. ഡബ്ല്യു.എം.1/40/2022/തസ്വഭവ, തീ. 02.02.2022) കർശനമായും പാലിക്കേണ്ടതാണ്.

. യൂസർ ഫീസ് പിരിവ് 100% ആക്കുന്നതിന്റെ ഭാഗമായി ഈയിനത്തിലെ കുടിശ്ശിക വസ്തുനികുതിയോടൊപ്പം ഈടാക്കാവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ നിന്ന് മറ്റ് സേവനങ്ങൾ ലഭ്യമാക്കുന്നതിന് യൂസർഫീസ് കുടിശ്ശികരഹിതമാണെന്ന് ഉറപ്പാക്കുന്നതിനും നടപടികൾ സ്വീകരിക്കാവുന്നതാണ്.

. മാലിന്യം അശ്രദ്ധമായി വലിച്ചെറിയുന്നവർക്കെതിരെ പിഴ ഉൾപ്പെടെ കർശന ശിക്ഷാ നടപടികൾ സ്വീകരിക്കാവുന്നതാണ്.

. എംസിഎഫ് കെട്ടിടവും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിനും മതിയായ സ്ഥലസൗകര്യമുള്ള എംസിഎഫ് കെട്ടിടം നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കാവുന്നതാണ്.

. പ്രവർത്തന കലണ്ടർ അനുസരിച്ച് മാലിന്യ ശേഖരണം കർശനമാക്കുന്നതിലൂടെ ഗാർഹിക-വാണിജ്യ സ്ഥാപനങ്ങളിൽ അവ കെട്ടിക്കിടക്കുന്നത് ഒഴിവാക്കാവുന്നതാണ്.

. മാലിന്യശേഖരണം കാര്യക്ഷമമാക്കുന്നതിന് മതിയായ വാഹനസൗകര്യം ഏർപ്പെടുത്തേണ്ടതാണ്,

. ഹരിത കർമ്മസേനാംഗങ്ങൾക്ക് വരുമാനദായകമായ സംരംഭങ്ങൾ തുടങ്ങാൻ ധനസഹായം അനുവദിക്കുന്ന പ്രോജക്ടുകൾ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ്

## നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക |
|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് (173/2024) | 44000 |
| ബ്ലോക്ക് പഞ്ചായത്ത് | വന്യമൃഗശല്യം ഒഴിവാക്കുന്നതിന് സംരക്ഷണവേലി (156/2024) | 98385 |

| | | |
|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | നെൽകൃഷി വികസനം (148/2024) | 362250 |
| ബ്ലോക്ക് പഞ്ചായത്ത് | ലൈഫ് ഭവന പദ്ധതി (എസ്.സി.പി) (6/2024) | 1160000 |
| ബ്ലോക്ക് പഞ്ചായത്ത് | ലൈഫ് ഭവന പദ്ധതി (ജനറൽ) (05/2024) | 800000 |
| ബ്ലോക്ക് പഞ്ചായത്ത് | ക്ഷീരകർഷർക്ക് പാലിന് സബ്സിഡി (ജനറൽ) (10/2024) | 125437 |
| ബ്ലോക്ക് പഞ്ചായത്ത് | ബഡ്സ് സ്കൂളിന്റെ പ്രവർത്തനചെലവും വാഹന വാടകയും (183/2024) | 179185 |
| ബ്ലോക്ക് പഞ്ചായത്ത് | സമൃദ്ധഭവനം (281/2024) | 183650 |
| ബ്ലോക്ക് പഞ്ചായത്ത് | അതിദാരിദ്ര്യനിർമ്മാർജ്ജന പദ്ധതി-മരുന്നു ലഭ്യമാക്കൽ (232/2024) | 50000 |
| ജില്ലാ പഞ്ചായത്ത് | ലൈഫ് ഭവന പദ്ധതി(ജനറൽ) (05/2024) | 3980000 |
| ജില്ലാ പഞ്ചായത്ത് | ബഡ്സ് സ്കൂളിന്റെ പ്രവർത്തനചെലവും വാഹനവാടകയും (183/2024) | 99922 |
| ജില്ലാ പഞ്ചായത്ത് | വന്യമൃഗശല്യം ഒഴിവാക്കുന്നതിന് സംരക്ഷണവേലി (156/2024) | 177623 |
| ജില്ലാ പഞ്ചായത്ത് | നെൽകൃഷി വികസനം (148/2024) | 450000 |
| ജില്ലാ പഞ്ചായത്ത് | അനുപൂരകപോഷകാഹാര പദ്ധതി (ജനറൽ) (176/2024) | 17880 |
| ജില്ലാ പഞ്ചായത്ത് | പെയിൻ& പാലിയേറ്റീവ് കെയർ (50/2024) | 499985 |
| ജില്ലാ പഞ്ചായത്ത് | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് (173/2024) | 200000 |
| ജില്ലാ പഞ്ചായത്ത് | ക്ഷീരകർഷർക്ക് പാലിന് സബ്സിഡി (ജനറൽ)(10/2024) | 107150 |

## 4-2 നിക്ഷേപ പ്രവൃത്തികൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തിയ്ക്കായി ചെലവഴിച്ച തുകകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പദ്ധതിയുടെ പേര് (പ്രോജക്ട് നം.) | ഏജൻസി | തുക | വിനിയോഗ സാക്ഷ്യപത്രം പ്രകാരം ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| 1 | തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ (S0251/24) | KSEB | 1,12,572 | ഇല്ല | 1,12,572 |
| 2 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (S0228/24) | ,, | 4,19,844 | ,, | 4,19,844 |
| 3 | സ്ട്രീറ്റ് ടാപ്പുകൾ നീക്കം ചെയ്യൽ (S0288/24) | KWA | 2,16,735 | ,, | 2,16,735 |
| 4 | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (S0250/24) | KSEB | 48,674 | 48,674 | ഇല്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വായ്പ തുക (2022-23) | തൻവർഷം ലഭിച്ച തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് | 43,00,000 | 84,00,000 | (-) 14,362<br>11,26,897 | 31,73,103 | -- | 63,39,432 |

| | | | | | | | |
|---|---|---|---|---|---|---|---|
| ഭവന പദ്ധതി | | | | | | | |

മുൻവർഷങ്ങളിൽ അനുവദിച്ച വായ്പയിൽ 2021-22 വർഷം അധികമായി തുക തിരികെ പിടിച്ചതിനാൽ വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (-)14362 ആയി രേഖപ്പെടുത്തിയിരിക്കുന്നു.

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| ക്രമനമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡികനമ്പർ | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തിയതി |
|---|---|---|---|---|---|
| 1 | 2022-23 | 1-17 | 2000 | സുദർശനൻ, കരാറുകാരൻ | 12302025667/02.03.24 |
| 2 | 2022-23 | 1-14 | 2000 | എലിസബത്ത് സ്മിത, അക്ഷയ സെന്റർ | 1230204143/05.01.24 |
| 3 | 2022-23 | 1-14 | 2000 | ശൈലേഷ് കെ.ആർ സ്മിത അക്ഷയ സെന്റർ | 1230206404/19.03.24 |
| 4 | 2022-23 | 1-17 | 2500 | ബിനോയ് വർഗ്ഗീസ്, | 1230206661/25.03.24 |

| | | | | | |
|---|---|---|---|---|---|
| | | | | കരാറുകാരൻ | |
| 5 | 2022-23 | 1-14 | 1500 | അനിൽ.വി, സ്റ്റുഡന്റ്സ് അക്കാഡമി | 1230300032/25.03.24 |
| 6 | 2022-23 | 1-17 | 2500 | ആനന്ദൻ പിള്ള. കരാറുകാരൻ | 1230203463//16.11.23 |
| 7 | 2022-23 | 1-17 | 2500 | ഗിരിധർ ഇ.വി, കരാറുകാരൻ | 1230203494/18.11.23 |
| 8 | 2022-23 | 1-17 | 2500 | ഭാസ്ക്കരൻ പിള്ള, കെ.ജി, കരാറുകാരൻ | 1230203496/18.11.23 |
| 9 | 2022-23 | 1-17 | 1500 | ഗിരീഷ് വർമ്മ, കരാറുകാരൻ | 1230203954/22.12.23 |
| 10 | 2022-23 | 1-14 | 1200 | അക്ഷയ സെന്റർ | 1230203964/26.12.23 |
| 11 | 2022-23 | 1-14 | 1200 | സ്മിത,അക്ഷയ സെന്റർ | 1230203984/27.12.23 |
| ആകെ | | | 21400 | | |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപ്പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ, തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| പ്രവർത്തനക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് | -- | 2014-2015 | 5-7(6) | മൃഗസംരക്ഷണ മേഖലയിലെ പദ്ധതികൾ മോണിട്ടർ ചെയ്യുന്നില്ല, അസൗകര്യങ്ങൾ നിറഞ്ഞതും ശുചിത്വമില്ലാത്തതുമായ തൊഴുത്തുകൾ | നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |
| ,, | -- | 2014-2015 | 5-7(7) | ICDP സബ് സെന്ററുകൾ ചോർന്നൊലിക്കുന്ന അവസ്ഥയിൽ | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| ,, | -- | 2014-2015 | 5-7(9) | മൃഗാശുപത്രികൾക്ക് മരുന്നു വാങ്ങൽ പദ്ധതികൾക്കായി സാമ്പത്തിക സഹായം ലഭ്യമാക്കിയിട്ടില്ല. | നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |
| 2015-2016 | 2-6 | 2016-2017 | 2 | തൊഴിൽ നികുതി പിരിവിൽ സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളുടെ പൊതു അവസ്ഥ | നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |
| 2020-21 | 1-21 | 2022-23 | 4-2 | കുത്തകപ്പാട്ടത്തിന് നൽകിയ ഭൂമി | നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |

| | | | | | |
|---|---|---|---|---|---|
| | | | | അന്യാധീനപ്പെട്ടത് സംബന്ധിച്ച് | |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 16 പ്രകാരം ചാർജ്-സർചാർജ് നടപടികൾ സ്വീകരിച്ചതിന്റെയും തുക ഈടാക്കിയതിന്റെയും പുരോഗതി വിവരം താഴെ കൊടുക്കുന്നു.

**(എ) ചാർജ് നടപടികളിലൂടെ ഈടാക്കിയ തുക**

ഇല്ല

**(ബി) സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുക**

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | റസീപ്റ്റ് & പേയ്മെന്റ് പ്രകാരം | ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 7,56,17,475 | 14,74,25,240 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,72,34,454 | 15,76,60,627 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല | -- |

| | | |
|---|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (കേന്ദ്ര-സംസ്ഥാന സർക്കാരിനുള്ള നഷ്ടം ഉൾപ്പെടെ) | | -- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 21824 | |

**ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

**ഇല്ല**

**സി) തടസ്സപ്പെടുത്തിയ തുകകളുടെ വിവരം**

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥയുടെ പേര്, ഉദ്യോഗപ്പേര് |
|---|---|---|
| 1-19 | **21824** | ശ്രീമതി. അനുദേവ വി.എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |

**ഡി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

**ഇല്ല**

**ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

**ഇല്ല**

**എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയം) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി അനുദേവ വി.എസ്. അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, കുളനട ഗ്രാമപഞ്ചായത്ത് | അനുഷ്മം, പേരൂർ, കൊല്ലം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ/ തീയതി | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി6-17/2009 തീയതി: 15-12-2009 | 1 (3-9) |
| 2007-08 മുതൽ 2010-11 വരെ | എൽ.എഫ്.പി.റ്റി.എ-പി5/19/2013 തീയതി: 20-07-2013 | 5 (3-5, 3-14, 3-15, 3-39, 3-40) |
| 2011-12 & 2012-13 | എൽ.എഫ്.പി.റ്റി.എ-പി11/151/2014 തീയതി: 19-04-2014 | 4 (3-1, 3-4, 3-7, 3-12) |
| 2015-16 | കെ.എസ്.എ.പി.റ്റി.എ./പി11/67/2017 തീയതി: 06-02-2017 | 1 (2-6) |
| 2018-19 | കെ.എസ്.എ.പി.റ്റി.എ./പി11/782/2019 തീയതി: 18-09-2019 | 1 (1-23) |
| 2019-20 | കെ.എസ്.എ.പിറ്റിഎ.പി11/511/2021 തീയതി: 27-08-2021 | 3 ( 1-13, 1-18, 1-25) |

| | | |
|---|---|---|
| 2020-21 | കെ.എസ്.എ.പിറ്റിഎ.പി11/512/2021 തീയതി: 30-08-2021 | 8 (1-16, 1-17, 1-18, 1-21, 1-22, 1-28, 1-33, 1-35) |
| 2021-22 | കെ.എസ്.എ.പിറ്റിഎ.പി11/933/2022, തീയതി: 29-10-2022 | 7 (1-11, 1-17, 1-18, 1-20, 1-22, 1-23, 4-2) |
| 2022-23 | കെ.എസ്.എ.പിറ്റിഎ.പി11/1146/2023, തീയതി: 04-12-2023 | 37 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട

**Annexure-1**

**Audit Certificate**

i. I have audited the attached Financial statements approved vide resolution number 1/2 dated 2(1) dated 28-05-2024 and submitted on 31-05-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the KULANADA Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial

Statements give a true and fair view of financial result for the year 2023-2024 and Financial position of KULANADA Grama Panchayat as on 31-03-2024

**Date: 07/10/2024** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of KULANADA Grama Panchayat for the Year 2023-2024.

### 1.Major Observations

The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.

### 2.Other Observations

1. Cash Flow Statement-Net increase in cash flow does not match with the difference between opening balance and closing balance of cash and cash equivalents.
2. Lapses in making timely and accurate demand entries in respect of tax and non tax revenue.

3. Schedule B-18: Amount deposited in various implementing agencies for deposit works is not accurate and reliable for audit.

4. The amount transferred to Capital Contribution is incorrect and not reliable for audit.

5. Schedule B-18: Deposit with KWA-Certificate of utilization of assets created in previous years received Rs. 22,42,963 was journalized under revenue head- Repairs & maintenance- Drinking Water Pipe Lines (230500503) instead of accounting under asset head.

6. Amount spent on various items described below were not booked under the heading reflecting the purpose of expenditure. Due to this, many items which should have been included in the asset head were wrongly
included in the revenue head and vice-versa.

| Sl No. | Details of Expenditure | Amount (Rs.) | Heads under which expenses are booked |
|---|---|---|---|
| 1 | Schedule I-14(c): Contingency Expenditure of Krishi Bhavan(Project No.170/24) | 33,489 | 413100001- Agri. Development Infrasructure Facilities- Building-Krishi Bhavan (Asset) |
| 2 | Schedule B-11(d): Purchase of LaptopsÂ“ Furnitures(Health) | 2,99,978 | 414110010- Medical Equipments for health Institutions |
| 3 | Schedule B-11(e): Deposit with KSEB (Project No. 228/24)- Advnce to Implementing Agencies -460500202 | 4,19,844 | 415100002- New Line for Street Lights. |
| 4 | Schedule B-11(e): Repairs And Maintenance of Street lights and Wages Paid | 4,68,360 | 415100003- Street Lights- |

| | | | |
|---|---|---|---|
| | (Project No. 27/24) | | (Asset) |
| 5 | Schedule B-18: Deposit with KSEB (Project No. 228/24, 250/24)- Advnce to Implementing Agencies -460500202 | 4,19,844 48,674 | 415100002-Streetlights-New Line For Street Lights & 25210004-Street lights |

# <u>അനുബന്ധം-2</u>
# <u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>

പത്തനംതിട്ട ജില്ലയിലെ കുളനട ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/ തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്